സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനു
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 ജൂലൈ 15 ശനി
ptnizar@rediffmail.com 9037319971
www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ



## പ്രധാനമന്ത്രി നരേന്ദ്ര മോദി യു.എ.ഇയിൽ: ശൈഖ് മുഹമ്മദ് നഹ്യാനുമായി കൂടിക്കാഴ്ച നടത്തും

അബുദാബി: ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി ഔദ്യോഗിക സന്ദർശനത്തിനായി യു.എ.ഇയിലെത്തി. ശനിയാഴ്ച രാവിലെ പ്രാദേശികസമയം 9.15-ന് അബുദാബിയിലിറങ്ങിയ പ്രധാനമന്ത്രിയെ അബുദാബികിരീടാവകാശി ശൈഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ നേരിട്ടെത്തി സ്വീകരിച്ചു.യു.എ.ഇ. പ്രസിഡന്റ് ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി വിവിധ വിഷയങ്ങളിൽ പ്രധാനമന്ത്രി ചർച്ച നടത്തും. രൂപയിൽ വ്യാപാരം ആരംഭിക്കുന്നതിനുള്ള സുപ്രധാന ധാരണാപത്രം പ്രധാനമന്ത്രിയുടെ സാന്നിധ്യത്തിൽ ഒപ്പുവെക്കും. ഡൽഹി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ക്യാമ്പസ് തുറക്കുന്നതിനുള്ള ധാരണാപത്രവും ഒപ്പിടും.

യു.എൻ കാലാവസ്ഥാ ഉച്ചകോടി കോപ് 28 ന്റെ നിയുക്ത അധ്യക്ഷൻ ഡോ. സുൽത്താൻ അൽ ജാബറുമായും അബുദാബി നാഷണൽ ഓയിൽ കമ്പനി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായും പ്രധാനമന്ത്രി കൂടികാഴ്ച നടത്തും. നയതന്ത്ര ദൗത്യ സംഘങ്ങളുമായി ചർച്ചയും വിവിധ ധാരണാപത്രങ്ങളുടെ ഒപ്പിടൽ എന്നിവയും നടക്കും. വൈകീട്ടോടെ പ്രധാനമന്ത്രി ഇന്ത്യയിലേക്ക് മടങ്ങും. പ്രധാനമന്ത്രിയുടെ ഔദ്യോഗിക സന്ദർശനമാണിത്. അധികാരമേറ്റതിനുശേഷമുള്ള മോദിയുടെ അഞ്ചാം യു.എ.ഇ. സന്ദർശനംകൂടിയാണിത്. യു.എ.ഇ. പ്രസിഡന്റ് ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും.ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്യും. ഇന്ത്യയും യു.എ.ഇയും തമ്മിലുള്ള സമഗ്ര നയതന്ത്ര പങ്കാളിത്തം ശക്തിപ്പെടുന്ന സാഹചര്യത്തിലുള്ള പ്രധാനമന്ത്രിയുടെ സന്ദർശനം ഊർജം, വിദ്യാഭ്യാസം, ആരോഗ്യം, ഭക്ഷ്യസുരക്ഷ, സാമ്പത്തികരംഗത്തെ സാങ്കേതികവിദ്യ, പ്രതിരോധം, സംസ്കാരം തുടങ്ങിയ മേഖലകളിൽ കൂടുതൽ സഹകരണത്തിന് കാരണമാകും. യു.എ.ഇ. അധ്യക്ഷപദവി വഹിക്കുന്ന കാലാവസ്ഥാ ഉച്ചകോടിയുടെയും ഇന്ത്യ അധ്യക്ഷത വഹിക്കുന്ന ജി 20 ഉച്ചകോടിയുടെയും പശ്ചാത്തലത്തിൽ അന്താരാഷ്ട്ര വിഷയങ്ങളിലെ സഹകരണം സംബന്ധിച്ചും കൂടിക്കാഴ്ചയിൽ ചർച്ചയാകുമെന്നാണ് വിവരം.2019-ൽ യു.എ.ഇ.യുടെ പരമോന്നത സിവിലിയൻ ബഹുമതിയായ ഓർഡർ ഓഫ് സായിദ് നൽകി രാജ്യം മോദിയെ ആദരിച്ചിരുന്നു. 2017-ൽ ഇന്ത്യയുടെ റിപ്പബ്ലിക് ദിന പരേഡിൽ മുഖ്യാതിഥിയായി ശൈഖ് മുഹമ്മദ് പങ്കെടുത്തിരുന്നു.

**അബുദാബിയിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ അബുദാബി രാജകുമാരൻ ശൈഖ് ഖാലിദ് ബിൻ മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ സ്വീകരകരിക്കുന്നു**

## തൃക്കാക്കര വൈസ് ചെയർമാനെതിരായ അവിശ്വാസം പാസായി

കൊച്ചി: തൃക്കാക്കര നഗരസഭാ വൈസ് ചെയർമാൻ എ.എ ഇബ്രാഹിംകുട്ടിക്കെതിരെ പ്രതിപക്ഷം കൊണ്ടുവന്ന അവിശ്വാസപ്രമേയം പാസായി. എൽ.ഡി.എഫ് അവതരിപ്പിച്ച പ്രമേയം ലീഗ് പിന്തുണയോടെയാണ് പാസായത്. നേരത്തെ, ലീഗ് നേതൃത്വം ആവശ്യപ്പെട്ടിട്ടും ഇബ്രാഹിംകുട്ടി രാജിക്കു കൂട്ടാക്കിയിരുന്നില്ല.ലീഗ് നേതാവായ ഇബ്രാഹിംകുട്ടിക്കെതിരെ അഴിമതി ആരോപിച്ചാണ് ഇടതുപക്ഷം അവിശ്വാസപ്രമേയം കൊണ്ടുവന്നത്. വോട്ടെടുപ്പിൽ ആകെ 43 കൗൺസിലർമാരിൽ 23 പേരാണ് പങ്കെടുത്തത്. അവിശ്വാസം പാസാകാൻ 21 പേരുടെ പിന്തുണയാണു വേണ്ടിയിരുന്നത്. മൂന്ന് മുസ്‌ലിം ലീഗ് അംഗങ്ങൾകൂടി പ്രമേയത്തെ പിന്തുണച്ചതോടെ അവിശ്വാസം പാസാകുകയായിരുന്നു. പാർട്ടി രാജി ആവശ്യപ്പെട്ടിട്ടും അംഗീകരിക്കാത്തതിൽ പ്രതിഷേധിച്ചാണ് വോട്ട് ചെയ്തതെന്നാണ് വിശദീകരണം.മുസ്‌ലിം ലീഗിലെ ധാരണപ്രകാരം ഇബ്രാഹിംകുട്ടി രാജിവച്ച് മറ്റൊരു അംഗത്തിന് അവസരമൊരുക്കേണ്ടതാണെങ്കിലും അദ്ദേഹം വഴങ്ങിയില്ല. തനിക്കെതിരെ അഴിമതി ആരോപണം ഉന്നയിച്ചുള്ള അവിശ്വാസത്തെ നേരിട്ട ശേഷം രാജിവയ്ക്കാമെന്നാണ് ഇബ്രാഹിംകുട്ടി വ്യക്തമാക്കിയത്.

### സാമ്പത്തിക ക്രമക്കേട്

## ജോർജ് എം തോമസിനെ സിപിഎം സസ്പെൻഡ് ചെയ്തു



കോഴിക്കോട്: സിപിഎം നേതാവ് ജോർജ് എം തോമസിനെ സിപിഎം സസ്പെൻഡ് ചെയ്തു .

മുൻ എംഎൽഎ കൂടിയായ തോമസ് ഗുരുതരമായ അച്ചടക്ക ലംഘനം നടത്തിയതായി അന്വേഷണ കമ്മീഷൻ റിപ്പോർട്ട് നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പാർട്ടിയിൽ നിന്നാണ് സസ്പെന്റ് ചെയ്തത്. കോഴിക്കോട് ജില്ലാ സെക്രട്ടേറിയറ്റ് അംഗമാണ് തോമസ്. ഒരു വർഷത്തേക്കാണ് സസ്പെൻഷൻ.

കോഴിക്കോട് ജില്ലാ കമ്മിറ്റി നൽകിയ ശുപാർശയെ തുടർന്നാണ് നടപടി. സാമ്പത്തിക ക്രമക്കേടും പാർട്ടി അച്ചടക്കം ലംഘിച്ചുള്ള പ്രവർത്തനങ്ങളുമാണ് നടപടിക്ക് കാരണം.

ജില്ലാ കമ്മിറ്റി നൽകിയ ശുപാർശ ഇന്ന് ചേർന്ന സിപിഎം സംസ്ഥാന സെക്രട്ടറിയേറ്റ് അംഗീകരിക്കുകയായിരുന്നു.

## ഏക സിവിൽ കോഡ്; പൊതുജനാഭിപ്രായം അറിയിക്കാനുള്ള സമയപരിധി 28വരെയാക്കി

ന്യൂഡൽഹി : ഏക സിവിൽ കോഡുമായി ബന്ധപ്പെട്ട് പൊതുജനാഭിപ്രായം അറിയിക്കാൻ ദേശീയ നിയമ കമ്മിഷൻ നൽകിയ സമയപരിധി രണ്ടാഴ്ച കൂടി നീട്ടി. സമയപരിധി ഇന്ന് അവസാനിക്കാനിരിക്കെയാണ്, ഈ മാസം 28 വരെ നീട്ടിയതായി ദേശീയ നിയമ കമ്മിഷൻ അറിയിച്ചത്. രാജ്യത്ത് ഏക വ്യക്തിനിയമം നടപ്പാക്കാനുള്ള നീക്കം കേന്ദ്രസർക്കാർ സജീവമാക്കിയിരിക്കെയാണ്, ഇതുമായി ബന്ധപ്പെട്ട് നിയമ കമ്മിഷൻ പൊതുജനാഭിപ്രായം തേടിയത്.

വിവിധ മതസംഘടനകളിൽ നിന്നുൾപ്പെടെ 50 ലക്ഷത്തിലേറെ പ്രതികരണങ്ങളാണ് ഇതിനകം കമ്മിഷനിലേക്കെത്തിയത്. വെബ്സൈറ്റിനു പുറമേ, രേഖാമൂലം നേരിട്ടും അഭിപ്രായങ്ങൾ ലഭിച്ചു. വിഷയത്തിൽ കൂടുതൽ ചർച്ച ആവശ്യമുണ്ടെന്നും നേരിട്ടുള്ള ചർച്ചയ്ക്ക് സമയം അനുവദിക്കണമെന്നും ചില സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ട്. ആവശ്യമെന്നു തോന്നിയാൽ നേരിട്ടുള്ള ആശയ വിനിമയത്തിനു ക്ഷണിക്കുമെന്നു കമ്മിഷനും നേരത്തേ വ്യക്തമാക്കിയിരുന്നു.

ഇതിനു മുൻപുണ്ടായിരുന്ന ലോ കമ്മിഷനും പൊതുജനാഭിപ്രായം തേടിയിരുന്നു. നിലവിൽ ഏക വ്യക്തി നിയമം അഭികാമ്യമല്ലെന്ന ശുപാർശയോടെ 2018 ൽ ചർച്ചാ രേഖയും പ്രസിദ്ധീകരിച്ചു. ഇതിന്റെ കാലാവധി 3 വർഷം പിന്നിട്ടതു കണക്കിലെടുത്താണ് വീണ്ടും ജനാഭിപ്രായം തേടുന്നതെന്നാണ് പുതിയ കമ്മിഷൻ വിശദീകരിച്ചത്.



**അൽഹസ്സ ഹുഫൂഫിലെ ഇൻഡസ്ട്രീയൽ മേഖലയിലെ വർക്ക്ഷോപ്പിലുണ്ടായ വൻ തീപിടുത്തം**

## സൗദിയിലെ അൽഅഹ്സയിൽ വൻ തീപിടുത്തം: ഇന്ത്യക്കാർ ഉൾപ്പെടെ 10 പേർ മരിച്ചു

ദമാം: കിഴക്കൻ സൗദിയിലുണ്ടായ തീപിടുത്തത്തിൽ പത്ത് പേർ വെന്ത് മരിച്ചു. അൽഹസ്സ ഹുഫൂഫിലെ ഇൻഡസ്ട്രീയൽ മേഖലയിലെ വർക്ക്ഷോപ്പിലുണ്ടായ വൻ തീപിടുത്തത്തിൽ അഞ്ച് ഇന്ത്യക്കാരുൾപ്പെടെ പത്തു പേർ വെന്തു മരിച്ചതായാണ് റിപ്പോർട്ടുകൾ. വൈകിട്ടോടെയുണ്ടായ തീപിടുത്തത്തിൽ മരിച്ച എട്ട് പേരുടെ മൃതദേഹങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്.

എട്ട് പേരുടെ മൃതദേഹങ്ങൾ തിരിച്ചറിഞ്ഞവയിൽ അഞ്ച് പേർ ഇന്ത്യക്കാരും മൂന്ന് പേർ ബംഗ്ലാദേശ് സ്വദേശികളുമാണ്. 2 പേരെ ഇതുവരെ തിരിച്ചറിയാൻ സാധിച്ചിട്ടില്ല. മരിച്ചവരിൽ ഒരാൾ മലയാളിയാണെന്നാണ് സൂചനയുണ്ട്. എന്നാൽ, ഇക്കാര്യത്തിൽ സ്ഥിരീകരണം വന്നിട്ടില്ല. തീപിടുത്തത്തിന്റെ കാരണം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പുറത്ത് വന്നിട്ടില്ല. നവോദയ രക്ഷാധികാരി ഹനീഫ മൂവാറ്റുപുഴയുടെ നേതൃത്വത്തിൽ അൽഹസ്സ നവോദയ പ്രവർത്തകർ തുടർ നടപടികൾ പൂർത്തീകരിക്കുന്നതിനായി സ്ഥലത്തെത്തിയിട്ടുണ്ട്.

## 'കെഎസ്ആർടിസി എംഡി സ്ഥാനത്തു നിന്നും മാറ്റണം' ആവശ്യമുന്നയിച്ച് ബിജു പ്രഭാകർ

തിരുവനന്തപുരം:കെഎസ്ആർടിസി എം ഡി സ്ഥാനത്തു നിന്നും മാറ്റണമെന്ന് ബിജു പ്രഭാകർ ചീഫ് സെക്രട്ടറിയെ കണ്ട് ആവശ്യപ്പെട്ടു. കെഎസ്ആർടിസി പ്രത്യേകം എംഡിയെ നിയോഗിക്കുന്നതാകും ഉചിതമെന്ന് ബിജു പ്രഭാകർ പറഞ്ഞു.20 ന് ഹൈക്കോടതിയിലെ കേസ് പരിഗണിച്ച ശേഷം തീരുമാനമുണ്ടാകും.ശമ്പളം വൈകുന്നതിൽ പ്രതിഷേധിച്ചി വീട്ടിലേക്ക് തൊഴിലാളികൾ മാർച്ച് നടത്തിയതിന് പിന്നാലെയാണ് എംഡി സ്ഥാനത്ത് നിന്ന് മാറ്റണമെന്ന ആവശ്യവുമായി അദ്ദേഹം സർക്കാരിന് മുന്നിലേക്ക് എത്തിയത്.

സിഎംഡിയുടെ രാജിസന്നദ്ധത അറിഞ്ഞത് മാധ്യമങ്ങളിലൂടെയെന്ന് ഗതാഗത മന്ത്രി ആൻറണി രാജു പറഞ്ഞു.അങ്ങനെയൊരു കാര്യം സി എം ഡി സംസാരിച്ചിട്ടില്ലസർക്കാർ പ്രഖ്യാപിച്ച പണം കൃത്യമായി നൽകിയാൽ തന്നെ പ്രതിസന്ധി പരിഹരിക്കപ്പെടുമെന്നും മന്ത്രി വ്യക്തമാക്കി.

കെ എസ് ആർ ടി സി യിലെ പ്രതിസന്ധി സമ്മതിച്ച് ധനമന്ത്രി കെ എൻ ബാലഗോപാൽ രംഗത്തെത്തി.ബുദ്ധിമുട്ടിലൂടെയും പ്രതിസന്ധിയിലൂടെയും തന്നെയാണ് കടന്ന് പോവുന്നത്.സിഎംഡിയുടെ പ്രതികരണം ശ്രദ്ധയിൽ പെട്ടിട്ടില്ല.സിഎംഡിയുടെ അവധി ആവശ്യം ഔദ്യോഗികമായ വിഷയമാണ്.ഇത് സർക്കാരിൻറെ ശ്രദ്ധയിൽ വന്നിട്ടില്ല.ശമ്പളം നൽകാൻ വൈകിയത് സാങ്കേതിക കാരണങ്ങൾ കൊണ്ടാണ്.ആദ്യ ഘട്ടം കൊടുത്തു തുടങ്ങിയെന്നും മന്ത്രി പറഞ്ഞു.



## ഏക സിവിൽ കോഡ്: സി.പി.എം സെമിനാർ കോഴിക്കോട് ഇന്ന്

കോഴിക്കോട്: സി.പി.എം കോഴിക്കോട് സംഘടിപ്പിക്കുന്ന ഏക സിവിൽ കോഡ് സെമിനാറിൽ സമസ്ത പങ്കെടുക്കും. കോഴിക്കോട് സ്വപ്നനഗരിയിലെ ട്രേഡ് സെന്ററിൽ ഇന്ന് വൈകീട്ട് നാലിനാണ് സെമിനാർ സംഘടിപ്പിക്കുന്നത്. സി.പി.ഐ.എം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി സെമിനാർ ഉദ്ഘാടനം ചെയ്യും.

സെമിനാറിലേക്ക് സി.പി.ഐ.എം മുസ്‌ലിം ലീഗിനെ ക്ഷണിച്ചെങ്കിലും ക്ഷണം ലീഗ് നിരസിക്കുകയും സമസ്ത ക്ഷണം സ്വീകരിക്കുകയുമാണ് ഉണ്ടായത്. ബി.ഡി.ജെ.എസ് പ്രതിനിധിയും സെമിനാറിൽ പങ്കെടുക്കുന്നുണ്ട്.

ഏക സിവിൽ കോഡ് വിഷയത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പരാമർശം വന്ന് കൃത്യം രണ്ടാഴ്ച പിന്നിടുമ്പോഴാണ് കേരളത്തിൽ സി.പി.ഐ.എം നേതൃത്വത്തിൽ ആദ്യ സെമിനാർ നടക്കുന്നത്. പൗരത്വ വിഷയത്തിനു സമാനമായ രീതിയിൽ പാർട്ടി സംഘടിപ്പിക്കുന്ന സെമിനാറിൽ വിവിധ മത സാമുദായിക നേതാക്കളും ഇടതു മുന്നണിയിലെ ഘടകകക്ഷി നേതാക്കളും പങ്കെടുക്കും. സമസ്തയിലെ ഉമർഫൈസി, പി.എം അബ്ദുസലാം ബാഖവി എന്നിവർ സമസ്തയുടെ പ്രതിനിധികളായി സെമിനാറിൽ സംബന്ധിക്കും.

സംഘപരിവാർ അജണ്ടയുടെ ഭാഗമായി ഏക സിവിൽ കോഡ് നടപ്പാക്കാനുള്ള നീക്കത്തിനെതിരായ യോജിച്ചുള്ള പ്രക്ഷോഭമാണ് ഇപ്പോൾ നടക്കുന്നതെന്നും, സുന്നി മുജാഹിദ് വിഭാഗം നേതാക്കളും ക്രൈസ്തവ സഭാ നേതാക്കളുമടക്കം പങ്കെടുക്കുന്നത് സെമിനാറിന് കിട്ടുന്ന പൊതു സ്വീകാര്യതയ്ക്ക് തെളിവെന്ന് സംഘാടകരും വിശദീകരിക്കുന്നു. ലോക്സഭാ തെരഞ്ഞെടുപ്പ് കൂടി മുന്നിൽ നിൽക്കെ കോഴിക്കോട്ടെ സെമിനാർ തുടർ സമരപരിപാടികളുടെ ആദ്യ പടിയായി മാറും.



### ഇപി പങ്കെടുക്കില്ല

തിരുവനന്തപുരം:ഏക സിവിൽ കോഡിനെതിരെ സിപിഎം കോഴിക്കോട്ട് സംഘടിപ്പിക്കുന്ന സെമിനാറിൽ കേന്ദ്ര കമ്മറ്റി അംഗവും ഇടതുമുന്നണി കൺവീനറുമായ ഇപിജയരാജൻ പങ്കെടുക്കില്ല.കോഴിക്കോട് സെമിനാർ നടക്കുമ്പോൾ ഇ പി തലസ്ഥാനത്താണുള്ളത്.ഡിവൈ ഫ്ഐ നിർമ്മിച്ച് നൽകിയ സ്നേഹ വീടിൻറെ താക്കോൽദാനത്തിനാണ് ഇ.പി.തിരുവനന്തപുരത്ത് എത്തിയത് .പാർട്ടിയും ഇപിയും തമ്മിലെ നിസ്സഹകരണം തുടരുന്നതിനിടെയാണ് നിർണ്ണായക സെമിനാരിലെ വിട്ട് നിൽക്കൽ. എംവിഗോവിന്ദൻ സംസ്ഥാന സെക്രട്ടറിയായ ശേഷം നേതൃത്വവുമായി ഇപി രസത്തിലല്ല.ചികിത്സയിലാണെന്ന കാരണം ചൂണ്ടിക്കാട്ടി പാർട്ടി യോഗങ്ങളിൽ നിന്നും ഇപി വിട്ടുനിൽക്കുന്നുണ്ട്. ഇടതു മുന്നണി കൺവീനറാണെങ്കിലും ഘടകകക്ഷികളുമായുള്ള ഏകോപനം വേണ്ടവിധം നടക്കുന്നില്ലെന്ന് അവർക്കും ആക്ഷേപമുണ്ട്.

### പ്രായ പൂർത്തിയാകാത്ത മകൻ ട്രാഫിക് നിയമം ലംഘിച്ചു; അമ്മക്ക് 25000 രൂപ പിഴ

തൃശൂർ: പ്രായപൂർത്തിയാകാത്ത മകനും സുഹൃത്തുക്കളും നിയമം ലംഘിച്ച് സ്കൂട്ടറിൽ ചുറ്റിയടിച്ചതിന് അമ്മക്ക് പിഴ ശിക്ഷ വിധിച്ച് കോടതി.

കൊഴുക്കുള്ളി സ്വദേശിനിക്കാണ് 25000 രൂപ പിഴ ചുമത്തി തൃശൂർ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി വിധി പുറപ്പെടുവിച്ചത്. സ്കൂട്ടറിന്റെ ആർ.സി. ഓണർ അമ്മയാണെന്ന് ചൂണ്ടിക്കാട്ടിയാണ് അമ്മക്ക് മാത്രം പിഴ വിധിക്കുന്നതെന്ന് ജസ്റ്റിസ് ടി. മഞ്ജിത്ത് വിധിന്യായത്തിൽ വ്യക്തമാക്കി. കേസിൽ പ്രതിചേർക്കർപ്പെട്ട കുട്ടിയുടെ അച്ഛനെ കോടതി വെറുതെ വിടുകയും ചെയ്തു.

കഴിഞ്ഞ ജനുവരി 20നാണ് കുട്ടിയെയും സുഹൃത്തുക്കളെയും മോട്ടോർ വാഹന വകുപ്പ് പിടികൂടിയത്. സുഹൃത്തുക്കളായ രണ്ട് പേരെ ഒപ്പമിരുത്തി അമിത വേഗതയിലാണ് കുട്ടി വണ്ടിയോടിച്ചതെന്ന് വ്യക്തമായതായതായി കോടതി പറഞ്ഞു. കൂട്ടത്തിൽ ഒരാൾ മാത്രമാണ് ഹെൽമെറ്റ് ധരിച്ചിരുന്നത്. കുട്ടികളുടെ പ്രായം കണക്കിലെടുത്താണ് മാതാപിതാക്കളെ പ്രതിച്ചേർത്ത് മോട്ടോർ വാഹന വകുപ്പ് കേസ് രജിസ്റ്റർ ചെയ്തത്. പിഴ തുക അടച്ചില്ലെങ്കിൽ മാതാവ് അഞ്ച് ദിവസം തടവ് ശിക്ഷ അനുഭവിക്കണമെന്നും കോടതി വ്യക്തമാക്കിയിട്ടുണ്ട്.

കഴിഞ്ഞ ദിവസമാണ് വാഹനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച മുന്നറിയിപ്പുമായി മോട്ടോർ വാഹന വകുപ്പ് രംഗത്തെത്തയിരുന്നു. മോട്ടോർ വാഹന നിയമം സെക്ഷൻ 2(30) അനുസരിച്ച് വാഹനം രജിസ്റ്റർ ചെയ്യപ്പെട്ട വ്യക്തിയാണ് വാഹനത്തിന്റെ യഥാർത്ഥ ഓണറായികണക്കാക്കുന്നത്. അതുകൊണ്ട് തന്നെ വാഹനവുമായി ബന്ധപ്പെട്ട എല്ലാ കേസുകളും, ബാധ്യതകളും രജിസ്ട്രേഡ് ഓണറുടെ പേരിലായിരിക്കും വരുന്നതെന്നും മോട്ടോർ വാഹന വകുപ്പ് വ്യക്തമാക്കിയിരുന്നു.

# റെയിൽവെ സ്റ്റേഷനിൽനിന്ന് പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയി

തൃശ്ശൂർ: റെയിൽവെ സ്റ്റേഷനിൽനിന്ന് പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയി. 20 വയസുകാരനായ ഇതരസംസ്ഥാന തൊഴിലാളിയെ പൊലീസ് തിരയുന്നു. കുട്ടിയെ കൗൺസിലിങ്ങിനെത്തിച്ച ചൈൽഡ് ലൈൻ ജീവനക്കാരെ ആക്രമിച്ചാണ് 16കാരിയെ തട്ടിക്കൊണ്ടുപോയത്.

ഇതര സംസ്ഥാനക്കാരാണ് 20കാരനും 16വയസുള്ള പെൺകുട്ടിയും. കഴിഞ്ഞ ദിവസം റെയിൽവെ സ്റ്റേഷനിലെത്തിയ ഇവരെ സംശയാസ്പദമായ സാഹചര്യത്തിൽ കണ്ടെത്തിയതിനെത്തുടർന്ന് ചൈൽഡ് ലൈൻ പ്രവർത്തകർ പെൺകുട്ടിയെ യുവാവിന്റെ സമീപത്തുനിന്ന് മാറ്റി. പെൺകുട്ടിയെ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് മുന്നിൽ ഹാജരാക്കാൻ തയ്യാറെടുപ്പ് നടത്തുന്നതിനിടെ ചൈൽഡ് ലൈൻ ഓഫീസിലെത്തിയ യുവാവ് ബിയർ കുപ്പി പൊട്ടിച്ച് ആക്രമിക്കുമെന്ന ഭീഷണി മുഴക്കി ഭീകരാന്തരീക്ഷം സൃഷ്ടിച്ച ശേഷമാണ് പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയത്. വ്യാഴാഴ്ച രാവിലെ 10 മണിക്കാണ് സംഭവം. ആർ.പി.എഫ്. സ്റ്റേഷന് സമീപമുള്ള ചൈൽഡ് ലൈൻ കേന്ദ്രത്തിൽനിന്നാണ് കുട്ടിയെ തട്ടിക്കൊണ്ടുപോയത്.

കുട്ടിയുമായി ട്രെയിനിൽ കയറിയത് ശ്രദ്ധയിൽപ്പെട്ട യാത്രക്കാരിൽ ചിലർ അപായച്ചങ്ങല വലിച്ച് ട്രെയിൻ നിർത്തി. ഇതോടെ രണ്ടാമത്തെ പ്ലാറ്റ്ഫോമിലേക്ക് ഇയാൾ കുട്ടിയെയും കൊണ്ട് കടക്കുകയായിരുന്നു. അപ്പോൾ ഇവരെ തടയാനായി പോർട്ടർമാർ എത്തി. അതോടെ പൊട്ടിച്ച ബിയർ കുപ്പി കുട്ടിയുടെ കഴുത്തിൽ വെച്ച് ഭീഷണിപ്പെടുത്തി രക്ഷപ്പെടുകയായിരുന്നു. പിന്നീട് ഇവരെ കണ്ടെത്താനായില്ല. സംഭവത്തിൽ വീഴ്ച സംഭവിച്ചതിനെത്തുടർന്ന് ഒരു ആർ.പി.എഫ്. ഉദ്യോഗസ്ഥനെ സർവീസിൽനിന്ന് സസ്പെൻഡ് ചെയ്തു.

ബുധനാഴ്ച അർധരാത്രിയോടെയാണ് യുവാവും പെൺകുട്ടിയും തൃശ്ശൂർ റെയിൽവേ സ്റ്റേഷനിലെത്തുന്നത്. പുലർച്ചെ ഒരു യുവാവിനോടൊപ്പം പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ കണ്ടതായി റെയിൽവേയിലെ ഉദ്യോഗസ്ഥർ ചൈൽഡ്ലൈൻ ഉദ്യോഗസ്ഥരെ അറിയിച്ചു. തുടർന്ന് കുട്ടിയെ കണ്ടെത്തി കൗൺസിലിങ്ങിനായി എത്തിച്ചതായിരുന്നു ചൈൽഡ് ലൈൻ ഉദ്യോഗസ്ഥർ. അതോടെ യുവാവ് സ്ഥലത്തുനിന്ന് മുങ്ങി. പിന്നീട് രാവിലെ പത്തുമണിയോടെ ബിയർ ബോട്ടിലുമായി മടങ്ങിയെത്തിയ യുവാവ് ചൈൽഡ് ലൈൻ ഓഫീസിൽ ഭീകരാന്തരീക്ഷം സൃഷ്ടിച്ച് കുട്ടിയെ തട്ടിക്കൊണ്ടുപോവുകയായിരുന്നു.

# അജിത് പവാറിന് ധനകാര്യം; എൻസിപി വിട്ട് എത്തിയ 8 എംഎൽഎമാർക്ക് മന്ത്രിസ്ഥാനം

മുംബൈ: ശിവസേന ബിജെപി സഖ്യത്തോടൊപ്പം ചേർന്ന അജിത് പവാർ വിഭാഗം എൻസിപി എംഎൽഎമാരെ ഉൾപ്പെടുത്തി മഹാരാഷ്ട്രയിൽ മന്ത്രി പുനസംഘടിപ്പിച്ചു.

ഏക്നാഥ് ഷിൻഡെയുടെ നേതൃത്വത്തിലുള്ള മഹാരാഷ്ട്ര മന്ത്രിസഭ വികസിപ്പിച്ചു. അജിത് പവാറിന് ഉപമുഖ്യമന്ത്രി സ്ഥാനത്തിന് പുറമെ ധനകാര്യവകുപ്പിന്റെ കൂടി ചുമതല നൽകി.

പവാറിനൊപ്പം സത്യപ്രതിജ്ഞ ചെയ്ത മറ്റ് എട്ട് എൻസിപി മന്ത്രിമാരുടെ വകുപ്പുകളിലും തീരുമാനമായി.

ഭക്ഷ്യപൊതുവിതരണഉപഭോക്തൃകാര്യ വകുപ്പിന്റെ ചുമതല ഛഗൻ ഭുജ്ബലിനും ഡ്രഗ് ആൻഡ് അഡ്മിനിസ്ട്രേഷൻ വകുപ്പിന്റെ ചുമതല ധരംറാവുബാബ അത്രമിനും നൽകും. ഗിലിപവാൽസെ പാട്ടിൽ സഹകരണ വകുപ്പിന്റെയും ധനഞ്ജയ് മുണ്ടെ കൃഷി വകുപ്പിന്റെയും ചുമതലയേൽക്കും.



സത്യപ്രതിജ്ഞാചടങ്ങിൽ അജിത് പവാർ

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഹസന് മുഷ്റിഫും ദുരിതാശ്വാസദുരന്ത നിവാരണ, പുനരധിവാസ വകുപ്പുകൾ അനിൽ പാട്ടിലും നയിക്കും. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമവകുപ്പിൽ അതിഥി താത്കറെയും കായിക യുവജനക്ഷേമ വകുപ്പിൽ സഞ്ജയ് ബൻസോദെയും മന്ത്രിമാരാകും.

അജിത് പവാർ ഉൾപ്പെടെ എൻസിപി എംഎൽഎമാർ കഴിഞ്ഞ മാസമാണ് ശിവസേന ബിജെപി സഖ്യത്തോടൊപ്പം ചേർന്നത്.

## മണൽ മാഫിയയുമായി ബന്ധം:

# ഏഴു പോലീസുദ്യോഗസ്ഥരെ സർവീസിൽ നിന്ന് നീക്കം ചെയ്തു

തിരുവനന്തപുരം: മണൽ മാഫിയക്ക് സഹായം ചെയ്ത ഏഴ് പൊലീസ് ഉദ്യോഗസ്ഥരെ സർവീസിൽ നിന്ന് നീക്കി. മണൽ മാഫിയ സംഘങ്ങൾക്ക് സഹായകരമായ രീതിയിൽ പ്രവർത്തിച്ച രണ്ട് ഗ്രേഡ് എ എസ് ഐ മാർക്കും അഞ്ച് സിവിൽ പോലീസ് ഓഫീസർമാർക്കും എതിരെയാണ് നടപടി. കണ്ണൂർ റേഞ്ച് ഡിഐജി പുട്ട വിമലാദിത്യയാണ് ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചത്. നിലവിൽ കണ്ണൂർ റേഞ്ചിൽ ജോലി ചെയ്യുന്നവരാണ് എല്ലാവരും.

ഗ്രേഡ് എ എസ് ഐ മാരായ ജോയ് തോമസ് പി (കോഴിക്കോട് റൂറൽ), ഗോകുലൻ സി (കണ്ണൂർ റൂറൽ), സിവിൽ പൊലീസ് ഓഫീസർമാരായ നിഷാർ പി എ (കണ്ണൂർ സിറ്റി), ഷിബിൻ എം വൈ (കോഴിക്കോട് റൂറൽ), അബ്ദുൾ റഷീദ് ടി.എം (കാസർഗോഡ്), ഷെജീർ വി എ (കണ്ണൂർ റൂറൽ), ഹരികൃഷ്ണൻ ബി (കാസർഗോഡ്) എന്നിവരെയാണ് സർവീസിൽ നിന്ന് നീക്കം ചെയ്തത്.മണൽ മാഫിയ സംഘവുമായി സൗഹൃദം സ്ഥാപിച്ചതിനും മുതിർന്ന പൊലീസ് ഓഫീസർമാരുടെ നീക്കങ്ങളും ലൊക്കേഷനും മറ്റും ചോർത്തി നൽകിയതിനുമാണ് നടപടി. ഈ പ്രവൃത്തി വഴി ഗുരുതരമായ അച്ചടക്കലംഘനം, കൃത്യവിലോപം, പെരുമാറ്റദൂഷ്യം, പൊലീസിന്റെ സൽപേരിന് കളങ്കം ചാർത്തൽ എന്നിവ ചെയ്തതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് നടപടിയെന്നും സംസ്ഥാന പൊലീസ് വാർത്താ കുറിപ്പിൽ അറിയിച്ചു.

# മോദി മക്രോൺ കൂടിക്കാഴ്ച: പ്രതിരോധ, ആണവ രംഗങ്ങളിൽ സഹകരണത്തിന് ധാരണ

പ്രതിരോധ, ആണവ രംഗങ്ങളിൽ സഹകരിച്ച് പ്രവർത്തിക്കാൻ ഇന്ത്യ ഫ്രാൻസ് ധാരണ. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫ്രാൻസ് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണും തമ്മിൽ നടത്തിയ ചർച്ചയിലാണ് ധാരണയായത്.

ദില്ലിയിലെ പുതിയ നാഷണൽ മ്യൂസിയവുമായി ഫ്രാൻസ് സഹകരിക്കും. നാവിക സേനയ്ക്ക് റഫാൽ വിമാനങ്ങൾ വാങ്ങുന്നതും കൂടിക്കാഴ്ചയിൽ ചർച്ചയായി. ഫ്രാൻസ് ഇന്ത്യയുടെ പ്രധാന പ്രതിരോധ പങ്കാളിയാണെന്ന് മീറ്റിംഗിന് ശേഷം നടന്ന പ്രസ് മീറ്റിൽ നരേന്ദ്ര മോദി വ്യക്തമാക്കി.

രണ്ടുദിവസത്തെ സന്ദർശനത്തിനായി ഫ്രാൻസിലെത്തിയ നരേന്ദ്ര മോദി ഫ്രാൻസിന്റെ ദേശീയ ദിനാഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു. ബാസ്റ്റീൽ ദിനാഘോഷം എന്നറിയപ്പെടുന്ന ദേശീയ ദിനാഘോഷത്തിൽ ഇന്ത്യൻ സൈന്യത്തിന്റെ കണ്ടിജന്റും റാഫേൽ യുദ്ധവിമാനങ്ങളും അണിനിരന്നു. എലിസി കൊട്ടാരത്തിൽ ഒരുക്കിയ വിരുന്നിലും മോദി പങ്കെടുത്തു. ഏറ്റവും ഉയർന്ന ഫ്രഞ്ചു ബഹുമതിയായ ഗ്രാൻഡ് ക്രോസ് ഓഫ് ദി ലെജിയൻ ഓഫ് ഓണർ മോദിക്ക് സമ്മാനിച്ചു. ഈ ബഹുമതി ലഭിക്കുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയാണ് നരേന്ദ്രമോദി.



പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫ്രാൻസ് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണും

അതേ സമയം, ഫ്രാൻസിലെ ഇന്ത്യക്കാർക്കായി പ്രധാനമന്ത്രി നരേന്ദ്രമോദി പുതിയ പ്രഖ്യാപനം നടത്തി. ഇന്ത്യൻ യുപിഐ പേയ്മെന്റ് സംവിധാനം ഇനി ഫ്രാൻസിലും ഉപയോഗിക്കാം. പ്രധാനമന്ത്രി നരേന്ദ്ര മോദി പാരീസിൽ ഇന്ത്യൻ സമൂഹത്തിന് മുന്നിലാണ് ഇത് സംബന്ധിച്ച പ്രഖ്യാപനം നടത്തിയത്. ഇതുവഴി ഫ്രാൻസിലെ ഇന്ത്യക്കാർക്ക് വലിയ സാധ്യത തെളിയുമെന്നും പ്രധാനമന്ത്രി പറഞ്ഞു. മാർസയിൽ പുതിയ കോൺസുലേറ്റ് തുറക്കാനും തീരുമാനമായി.

# വയനാട് വെണ്ണിയോട് മകൾക്കൊപ്പം പുഴയിൽ ചാടിയ യുവതി ദർശന മരിച്ചു

വയനാട് വെണ്ണിയോട് മകൾക്കൊപ്പം പുഴയിൽ ചാടിയ യുവതി ദർശന മരിച്ചു. മേപ്പാടിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ആറരയോടെയാണ് മരിച്ചത്. ഇന്നലെ വൈകീട്ട് മൂന്ന് മണിയോടെയാണ് പാത്തിക്കൽ പാലത്തിൽ നിന്ന് മകൾ ദക്ഷയ്ക്കൊപ്പം ദർശന പുഴയിലേക്ക് ചാടിയത്.

നിലവിളി കേട്ടെത്തിയ അയൽക്കാരാണ് ദർശനയെ രക്ഷിച്ചത്. ആശുപത്രിയിൽ എത്തിച്ചെങ്കിലും ആരോഗ്യം മെച്ചപ്പെട്ടില്ല. കാണാതായ മകൾ ദക്ഷയ്ക്കായുള്ള തെരച്ചിൽ ഇന്നും തുടർന്നെങ്കിലും ഇരുട്ടു വീണതോടെ അവസാനിപ്പിച്ചു.

പുഴയിലേക്ക് ചാടാൻ എന്താണ് കാരണം എന്ന് വ്യക്തമല്ല. വെണ്ണിയോട് സ്വദേശി അനന്തഗിരിയിൽ ഓംപ്രകാശാണ് ദർശനയുടെ ഭർത്താവ്.മറ്റൊരു ദുരന്ത



വാർത്ത കൂടി തിരുവനന്തപുരത്ത് നിന്ന് പുറത്തുവന്നിരുന്നു. തിരുവനന്തപുരത്ത് ഒരു കുടുംബത്തിലെ നാലു പേർ വിഷം കഴിച്ച നിലയിൽ കണ്ടെത്തി. ഇവരിൽ രണ്ടു പേർ മരിച്ചു. ബാലരാമപുരം പെരിങ്ങമല പുല്ലാനി മുക്കിലാണ് സംഭവം.

പുല്ലാനി മുക്ക് സ്വദേശി ശിവരാജൻ (56),മകൾ അഭിരാമി എന്നിവരാണ് മരിച്ചത്. അമ്മയും മകനും ഗുരുതരാവസ്ഥയിലാണ്. ഇവർ തിരുവനന്തപുരം നിംസ് ആശുപത്രിയിൽ ചികിത്സയിലാണ്.

ഇന്നലെ രാത്രിയാണ് നാലംഗ കുടുംബം വിഷം കഴിച്ചത്. രാവിലെയാണ് വിവരം പുറത്തറിഞ്ഞത്. രാവിലെ മകൻ വീട്ടിൽ നിന്ന് പുറത്തുവന്ന മകൻ മുതിർന്ന ഒരു സ്ത്രീയോട് വിഷം കഴിച്ചെന്ന കാര്യം വെളിപ്പെടുത്തുകയായിരുന്നു. പിന്നീട് പൊലീസിനെ ബന്ധപ്പെട്ടു. തുടർന്നാണ് രക്ഷാപ്രവർത്തനം നടന്നത്.

എന്നാൽ ആശുപത്രിയിൽ എത്തിച്ചപ്പോഴേക്കും ശിവരാജനും അഭിരാമിയും മരിച്ചിരുന്നു. കടബാധ്യതയെ തുടർന്നുള്ള ആത്മഹത്യാശ്രമമെന്നാണ് പൊലീസിന്റെ പ്രാഥമിക നിഗമനം.

## പെൺകുട്ടിക്കെതിരെ ലൈംഗികാതിക്രമം; രണ്ട് യു.പി സ്വദേശികൾ കസ്റ്റഡിയിൽ

കോട്ടയം: കേരള എക്സ്പ്രസ് ട്രെയ്നിൽ പെൺകുട്ടിക്ക് നേരെ ലൈംഗികാക്രമ പരാതി.

കോട്ടയം സ്റ്റേഷനിൽ നിന്നും പുറപ്പെട്ട ട്രെയ്നിൽ വെച്ച് പെൺകുട്ടിക്ക് നേരെ രണ്ട് യു.പി സ്വദേശികൾ അതിക്രമം നടത്തി എന്നാണ് പരാതി.

തുടർന്ന് പെൺകുട്ടിയുടെ പരാതിയിൻമേൽ ഉത്തർപ്രദേശ് സ്വദേശികളായ അഭിഷേക് (27), മുഹമ്മദ് ഷദാബ് (34) എന്നിവരെ ആർ.പി.എഫ് അറസ്റ്റ് ചെയ്തു.

# ഓക്സിജൻ മാസ്കിന് തീപിടിച്ച് ഐസിയുവിൽ കഴിഞ്ഞിരുന്ന രോഗി മരിച്ചു

ജയ്പൂർ: ഓക്സിജൻ മാസ്കിന് തീപിടിച്ച് ഐസിയുവിൽ കഴിഞ്ഞിരുന്ന രോഗി മരിച്ചു. രാജസ്ഥാനിലെ കോട്ട ഗവൺമെന്റ് ആശുപത്രിയിലാണ് ദാരുണ സംഭവമുണ്ടായിരുന്നത്.

അനന്ദ്പുര തലാബ് സ്വദേശിയായ 23കാരൻ വൈഭവ് ശർമയാണ് മരിച്ചത്. സംഭവത്തിൽ മെഡിക്കൽ കോളജ് ആശുപത്രിയിലെ ജീവനക്കാർക്കെതിരെ കുടുംബം രംഗത്തെത്തി.

ബുധനാഴ്ച രാത്രിയിലാണ് സംഭവമുണ്ടായത്. ഐസിയുവിൽ കഴിയുന്ന വൈഭവിന് ഹൃദയമിടിപ്പ് സാധാരണഗതിയിലാക്കാനുള്ള ഡയറക്ട് കറന്റ് കാർഡിയോവേർഷൻ ഷോക് ട്രീറ്റ്മെന്റ് നൽകുകയായിരുന്നു. അതിനിടെയാണ് മാസ്കിന് തീപിടിച്ചത്. മാസ്ക് കഴുത്തിൽ കുടുങ്ങിയതോടെ യുവാവിന്റെ മുഖത്തും നെഞ്ചിനും ഗുരുതരമായി പൊള്ളലേൽക്കുകയായിരുന്നു.

ആശുപത്രി അധികൃതർക്കെതിരെ നടപടിയെടുക്കണം എന്നാവശ്യപ്പെട്ട് ബിജെപിയും കോൺഗ്രസും ധർണ നടത്തി. വൈഭവിന് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായിരുന്നില്ല എന്നാണ് കുടുംബം പറയുന്നത്. എന്നാൽ യുവാവിന് ടിബിയായിരുന്നു എന്നും ഗുരുതരാവസ്ഥയിലായിരുന്നവെന്നും ആശുപത്രി അധികൃതർ വ്യക്തമാക്കി.

സംഭവത്തിൽ അന്വേഷണത്തിന് ഉത്തരവിട്ടതായും ആശുപത്രി പറഞ്ഞു.

# എം.എ.എം.ഒ കോളേജിൽ സി– സർക്കിൾ ആരംഭിച്ചു

മുക്കം: മണാശ്ശേരി എം.എ.എം.ഒ. കോളേജിലെ പ്ലേസ്മെന്റ് സെല്ലും എൻ.എസ്.എസ് യൂണിറ്റുകളും സംയുകതമായി സിജിയുടെ സി–സർക്കിൾ പദ്ധതി കോളേജിൽ ആരംഭിച്ചു.

വിദ്യാർത്ഥികളെ മത്സര പരീക്ഷകൾക്ക് വേണ്ടി സജ്ജരാക്കുന്ന പദ്ധതിയായ സി–സർക്കിൾ പി.എസ്.സി, എസ്.എസ്.സി. തുടങ്ങിയ കേന്ദ്ര–സംസ്ഥാന ഗവണ്മെന്റ് ജോലികൾ നേടുന്നതിന് കോളേജിലെ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നു.

കോളേജിൽ വെച്ചു നടന്ന ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ ഷുകൂർ കെ.എച്ച് സി-സർക്കിൾ പദ്ധതി ഉദ്ഘാടനം ചെയ്തു. മികച്ച ജോലി നേടുന്നതിനും മികച്ച ഭാവി കുട്ടികൾക്ക് വഗ്ദാനം ചെയ്യുന്നതുമായ സി-സർക്കിൾ പോലുള്ള പദ്ധതികളിലൂടെ




സി-സർക്കിൾ പദ്ധതി കോളേജ് പ്രിൻസിപ്പൽ ഷുകൂർ കെ.എച്ച് ഉദ്ഘാടനം ചെയ്യുന്നു

കുട്ടികളെ ഉയർന്ന നിലവാരത്തിലേക്ക് ഉയർത്താൻ ഉപകാരപ്പെടുമെന്നും ഇത്തരം പ്രവർത്തനങ്ങൾ കോളേജിനും വിദ്യാർഥികൾക്കും മുതൽക്കൂട്ടാവട്ടെ എന്നും ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു.സിജി ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ അനസ് ബിച്ചു പദ്ധതി വിശദീകരിച്ചു. കൂടുതൽ സർവ്വീസുകൾ സിജിയിൽ നിന്നും കോളേജിനായി നൽകാൻ സന്നദ്ധരാണെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് വിദ്യാർത്ഥികൾക്കായി സിജി പ്രൊജക്ട് കോ-ഓർഡിനേറ്റർ ജാഫർ സാദിഖ് പി.എസ്.സി., എസ്.എസ്.സി, യു.പി.എസ്.സി മുതലായ മത്സര പരീക്ഷകളെക്കുറിച്ചും സാധ്യതകളെകുറിച്ചും ഓറിയന്റേഷൻ ക്ലാസ് നടത്തി.ചടങ്ങിൽ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ഡോ. റിയാസ് കെ. അദ്ധ്യക്ഷനായി. സി-സർക്കിൾ സ്റ്റുഡന്റ് കോ-ഓർഡിനേറ്റർ മുഹമ്മദ് ഷാനിദ് സംസാരിച്ചു. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ അമൃത പി. സ്വാഗതവും എൻ. എസ്. എസ്. സെക്രട്ടറി അനുശ്രീ നന്ദിയും പറഞ്ഞു.

കോളേജിലെ മുഴുവൻ വിദ്യാർത്ഥികളുടെയും വൺ ടൈം പി.എസ്.സി, എസ്.എസ്.സി. രജിസ്ട്രേഷൻ ക്യാമ്പയിൻ നടത്തുന്നതിനും എല്ലാ വിദ്യാർത്ഥികൾക്കും എസ്.എസ്.സി. മോക് ടെസ്റ്റ് നടത്തുന്നതിനും ചടങ്ങിൽ തീരുമാനം എടുത്തു.

## നിര്യാതയായി



ലീന പെരേര

മാഹി സ്വദേശിനിയും പരേതരായ പോൾ വറീദിന്റേയും ഗ്രേസിയുടേയും മകൾ ലീന പെരേര(79) ജർമ്മനിയിൽ ജൂലൈ 13ന് രാവിലെ 10 മണിക്ക് നിര്യാതയായി. ഭർത്താവ്: ജോസഫ് പെരേര. മക്കൾ: സിൽവിയ, അലേൻ, സോഫിയ. (3 പേരും ഫ്രാൻസ്). മരുമക്കൾ: ഫിലിപ്പ്, സിനബ്, മോസസ്. സഹോദരങ്ങൾ: ജേക്കബ് (പൂന), സ്റ്റാനി (വാഷിം), അൽബർട്ട് (പോണ്ടിച്ചേരി), എത്തിൻരാജ് (മുംബൈ), പരേതരായ ജോസഫ്, സ്റ്റെല്ല, ഗസ്റ്റൻ, സിൽവൻ.

## അദ്ധ്യാപകർക്കുള്ള ആർച്ച് ബിഷപ്പ് ജോസഫ് അട്ടിപ്പേറ്റി അവാർഡുകൾ പ്രഖ്യാപിച്ചു

കൊച്ചി: മികച്ച അദ്ധ്യാപകർക്കുള്ള വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പ് ജോസഫ് അട്ടിപ്പേറ്റി അവാർഡുകൾ പ്രഖ്യാപിച്ചു. പ്രൊഫഷണൽ കോളേജുവിഭാഗത്തിൽ, ഇന്ദു ജോർജ് (ആൽബർട്ടിയൻ മാനേജ്മെന്റ് കോളേജ്, എറണാകുളം) ആർട്സ് ആന്റ് സയൻസ് വിഭാഗത്തിൽ, സി. സുചിത്ര, സി.എസ്.എസ്.ടി (സെന്റ് തെരേസാസ് കോളേജ്, എറണാകുളം), ഹയർ സെക്കന്ററി വിഭാഗം, ശ്രീമതി മിൻസ ഷാനി (അസ്സീസ്സി വിദ്യാനികേതൻ പബ്ലിക് സ്കൂൾ, ചെമ്പുമുക്ക്), ഹൈസ്ക്കൂൾ വിഭാഗം, ഡോ. ലീന എ.കെ (സെന്റ് ജോസഫ് ഹയർ സെക്കന്ററി സ്കൂൾ, ചാത്യാത്ത്), എൽ.പി. യു.പി. വിഭാഗം ശ്രീമതി ഷീബ എം.വി (സെന്റ് ആൽബർട്സ് സ്കൂൾ, സ്റ്റേറ്റ് സിലബസ്) ശ്രീമതി ആൻസി ആനന്ദ് (അസ്സീസ്സി വിദ്യാനികേതൻ പബ്ലിക് സ്കൂൾ, ചെമ്പുമുക്ക് സി.ബി.എസ്.സി) ജൂറിയുടെ പ്രത്യേക അവാർഡ് ശ്രീ. ജോജോ കെ.സി (സെന്റ് മേരീസ് ഹൈസ്കൂൾ, വല്ലാർപാടം) എന്നിവരാണ് അവാർഡിന് അർഹരായവർ. ക്യാഷ് അവാർഡും, പ്രശംസാപത്രവും, ഫലകവുമാണ് അവാർഡ് ജേതാക്കൾക്ക് നൽകുക. ജൂലൈ 16 ന് എറണാകുളം പാപ്പാളി ഹാളിൽ വച്ചു നടക്കുന്ന വിന്നേഴ്സ് മീറ്റ് ചടങ്ങിൽ വച്ച് വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ ജേതാക്കൾക്ക് പുരസ്കാരങ്ങൾ സമ്മാനിക്കും.

# ടൈറ്റൻ അപകടം; വെബ്സൈറ്റും സോഷ്യൽ മീഡിയാ ഹാന്റിലും നീക്കം ചെയ്ത് ഓഷ്യൻ ഗേറ്റ്

വാഷിങ്ടൺ: വർഷങ്ങൾക്ക് മുമ്പ് തകർന്ന ആഡംബരക്കപ്പൽ ടൈറ്റാനിക് കാണാൻ പോയ സഞ്ചാരികൾ മരിച്ച സംഭവത്തെ തുടർന്ന് വെബ്സൈറ്റും സോഷ്യൽ മീഡിയാ ഹാന്റിലും നീക്കം ചെയ്ത് യാത്ര സംഘടിപ്പിച്ച ഓഷ്യൻ ?ഗേറ്റ് എന്ന സ്ഥാപനം. അപകടത്തിൽ പെട്ട യാത്രികർ സഞ്ചരിച്ച ടൈറ്റൻ എന്ന സമുദ്രപേടകം ഓഷ്യൻ ?ഗേറ്റിന്റേതാണ്.

പര്യവേക്ഷണ ദൗത്യങ്ങൾ നിർത്തിവെയ്ക്കുന്നതായി ഓഷ്യൻഗേറ്റ് ജൂലായ് ഏഴിന് പ്രഖ്യാപിച്ചിരുന്നു. പര്യവേഷണവും വാണിജ്യ സേവനവും നിർത്തിവച്ചതായി ഓഷ്യൻഗേറ്റിന്റെ വെബ്സൈറ്റിലും പര്യവേഷണ




പേജിലും വ്യക്തമാക്കിയിരുന്നു. ഇതിനിടെയാണ് ഇന്റർനെറ്റിൽ നിന്നും ഓഷ്യൻ ഗേറ്റിന്റെ സോഷ്യൽമീഡിയ ഹാൻഡിലുകളും അപ്രത്യക്ഷമായിരിക്കുന്നത്.

ഓഷ്യൻ ഗേറ്റ് കമ്പനി നിർമ്മിച്ച ടൈറ്റൻ പേടകം തകർന്ന് കമ്പനി സ്ഥാപകനടക്കം 5 പേരാണ് കൊല്ലപ്പെട്ടത്. പേടകത്തിൽ ഇവർ ഇരുന്ന പ്രഷർ ചേംബറിലുണ്ടായ തകരാർ ടൈറ്റന്റെ ഉൾവലിഞ്ഞുള്ള പൊട്ടിത്തെറിക്ക് കാരണമായതെന്നാണ് നിഗമനം.

ടൈറ്റൻ അപകടത്തിൽ ഓഷ്യൻഗേറ്റിന്റെ സിഇഒ സ്റ്റോക്റ്റൺ റഷും മരണപ്പെട്ടിരുന്നു. ടൈറ്റൻ സുരക്ഷിതമല്ലെന്ന് കാണിച്ച് നേരത്തെ തന്നെ വിദഗ്ധർ ഇമെയിലുകളും സന്ദേശങ്ങളും സ്റ്റോക്റ്റണ് അയച്ചിരുന്നു. ഈ മുന്നറിയിപ്പുകൾ അവഗണിച്ചുവെന്ന വിമർശനം ശക്തമായിരുന്നു.

## അധ്യാപകർ മറ്റ് വകുപ്പിലെ ജീവനക്കാരെ പോലെ മുഴുവൻ ദിവസവും ജോലി ചെയ്യണമെന്ന് ഗണേഷ് കുമാർ

അധ്യാപകർ മറ്റ് വകുപ്പിലെ ജീവനക്കാരെ പോലെ മുഴുവൻ ദിവസവും ജോലി ചെയ്യണമെന്ന് ഗണേഷ് കുമാർ

രോഗിയെ ചികിത്സക്കാൻ കൈക്കൂലി വാങ്ങുന്ന ഡോക്ടർമാർ മൃഗത്തേക്കാളും കഷ്ടമെന്ന് കെ.ബി ഗണേഷ് കുമാർ എം.എൽ.എ. മാന്യമായി ശമ്പളം വാങ്ങുന്ന അധ്യാപകർ മറ്റ് വകുപ്പിലെ ജീവനക്കാരെ പോലെ മുഴുവൻ ദിവസവും ജോലി ചെയ്യാൻ തയ്യാറാകണമെന്നും ഗണേഷ് കുമാർ പറഞ്ഞു. സർക്കാരിന്റെ ശമ്പളത്തുകയിൽ പകുതിയും വാങ്ങുന്നത് അധ്യാപകരാണ്. ഒന്ന് മുതൽ ഒമ്പതാം ക്ലാസ് വരെയുള്ള വിദ്യാർഥികളെ തോൽപ്പിക്കരുതെന്ന് ഉത്തരവിറക്കിയ ഒരു മണ്ടൻ ഇവിടെയുണ്ടായിരുന്നു. ആ ഉത്തരവ് ഇപ്പോഴും നിലനിൽക്കുകയാണെന്നും ഗണേഷ് പറഞ്ഞു.

# അനുസ്മരണം സംഘടിപ്പിച്ചു

തലശ്ശേരി: പുരോഗമന കലാസാഹിത്യ സംഘവും , വനിതാ സാഹിതി തലശ്ശേരിയും ആർട്ടിസ്റ്റ് നമ്പൂതിരി, ദേവകി നിലയങ്ങോട് അനുസ്മരണം സംഘടിപ്പിച്ചു.

പ്രമുഖ ചിത്രകാരൻ പൊന്ന്യം ചന്ദ്രൻ ആർട്ടിസ്റ്റ് നമ്പൂതിരി അനുസ്മരണം നടത്തി. എഴുത്തുകാരി പ്രവീണ രാധാകൃഷ്ണൻ ദേവകി നിലയങ്ങോട് അനുസ്മരണം നടത്തി. സുരാജ് ചിറക്കര അധ്യക്ഷത വഹിച്ചു. ടി എം ദിനേശൻ സംസാരിച്ചു.



മാഹി നാടകപ്പുരയുടെ പുതിയനാടകം ആനന്ദിയുടെ ആദ്യാവതരണം സ്പീക്കർ അഡ്വ. എ.എൻ ഷംസീർ ഉദ്ഘാടനം ഉദ്ഘാടനം നിർവഹിക്കുന്നു

## മാഹി നാടകപ്പുരയുടെ ഏറ്റവും പുതിയനാടകം ആനന്ദിയുടെ ആദ്യാവതരണം നിർവ്വഹിച്ചു

തലശ്ശേരി: സിനിമയുടേയും ടി.വി.യുടേയും അതിപ്രസരമുള്ള വർത്തമാന കാലത്ത് കേരളീയ ജീവിതത്തിന് നൽകിയ ചരിത്രപരമായ പ്രാധാന്യം പരിഗണിച്ച് നാടകങ്ങൾ സംരക്ഷിക്കപ്പെടണമെന്ന് സപീക്കർ അഡ്വ. എ.എൻ ഷംസീർ അഭിപ്രായപ്പെട്ടു. ഇതിവൃത്തത്തിലെ നവീനത കൊണ്ടും, അവതരണത്തിലെ വ്യതിരിക്തത കൊണ്ടും പല തവണ ദേശീയ അംഗീകാരം നേടിയ മാഹി നാടകപ്പുരയുടെ ഏറ്റവും പുതിയനാടകം ആനന്ദിയുടെ ആദ്യാവതരണം തലശ്ശേരി ടൗൺഹാളിൽ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു സ്പീക്കർ.

നാടകപ്പുര മലാലയുടെ ജീവിത കഥയെ ആസ്പദമാക്കി നേരത്തെ അവതരിപ്പിച്ച നാടകത്തിന് ലോകം നൽകിയ സ്വീകാര്യത, രാജ്യത്തെ ആദ്യ വനിതാ ഡോക്ടറുടെ ഹൃദയസ്പർശമായ ജീവിത കഥ പറയുന്ന ആനന്ദിക്കും ലഭിക്കുമെന്നുറപ്പാണെന്ന് സ്പീക്കർ പറഞ്ഞു.

കെ.പി.മോഹനൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. പ്രമോദ് പയ്യന്നൂർ, സന്തോഷ് കീഴാറ്റൂർ, നാടക് സംസ്ഥാന സെക്രട്ടറി ജെ. ശൈലജ, നഗരസഭ ചെയർപേഴ്സൺ എം.ടി.രമേശ്, വി.കെ.സനോജ്, നടൻ സുശീൽ കുമാർ തിരുവങ്ങാട്, ജമുനാ റാണി ടീച്ചർ എന്നിവർ സംസാരിച്ചു.

സംഗീത നാടക അക്കാദമി അവാർഡ് ജേതാക്കളായ സുരേഷ് ബാബു ശ്രീസ്ഥ, ബാബു അന്നൂർ, രജിത മധു , നാടക് സംസ്ഥാന സെക്രട്ടറി ജെ.ശൈലജ എന്നിവരെ ആദരിച്ചു. എം. ഹരീന്ദ്രൻ സ്വാഗതവും, ടി.ടി. വേണുഗോപാലൻ നന്ദിയും പറഞ്ഞു.

## അന്വേഷി ഫിനിക്സ് 2023: മെഗാ ഷോ ആഗസ്റ്റ് 12ന്

കോഴിക്കോട്: സ്ത്രീകൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനും, സ്ത്രീ ശാക്തീകരണത്തിന് വേണ്ടിയും പ്രവർത്തിക്കുന്ന അന്വേഷി 30ാം വർഷത്തിലേക്ക് പ്രവേശിക്കുന്നതിനനുബന്ധമായി ആഗസ്റ്റ് 12ന് വൈകിട്ട് 6 മണിക്ക് ഫിനിക്സ് മെഗാ ഷോ സംഘടിപ്പിക്കുമെന്ന് അന്വേഷി പ്രസിഡണ്ട് കെ.അജിതയും, സെക്രട്ടറി പി.ശ്രീജയും വാർത്താസമ്മേളനത്തിൽ പറഞ്ഞു.

പ്രശസ്ത നടി റീമ കല്ലിങ്ങൽ ആന്റ് ടീമിന്റെ നൃത്തസമന്വയീ, സഞ്ജന ആന്റ് ടീം അവതരിപ്പിക്കുന്ന നൃത്തം, വിനോദ് കോവൂരും, സുരഭി ലക്ഷ്മിയും അവതരിപ്പിക്കുന്ന റിയൽ കോമഡി, രമ്യ നമ്പീശൻ, സയനോര, പുഷ്പവതി, നിമിഷ സലീം, നിഷാദ് എിവർ അവതരിപ്പിക്കുന്ന ഗാനമേളയും മെഗാ ഷോയുടെ ഭാഗമായി അരങ്ങേറും.

അന്വേഷിയുടെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ കൊണ്ട് പോകുന്നതിനുള്ള ധനശേഖരണാർത്ഥമാണ് മെഗാഷോ സംഘടിപ്പിക്കുന്നത്. മെഗാഷോയുടെ ടിക്കറ്റ് കാലിക്കറ്റ് പ്രസ്ക്ലബ്ബ് പ്രസിഡണ്ട് എം.ഫിറോസ്ഖാൻ പ്രശസ്ത സാഹിത്യകാരി കെ.പി.സുധീരക്ക് നൽകി ഉദ്ഘാടനം ചെയ്തു.

## പ്രായപൂർത്തിയാകാത്തവരുടെ ഉഭയസമ്മത ലൈംഗിക ബന്ധം

# പെൺകുട്ടിക്കും തുല്യ പങ്ക്- ബോംബെ ഹൈക്കോടതി

മുംബൈ: പ്രായപൂർത്തിയാകാത്തവരുടെ ഉഭയസമ്മത ലൈംഗിക ബന്ധത്തിൽ പെൺകുട്ടിക്കും തുല്യ പങ്കാളിത്തമാണുള്ളതെന്ന് ബോംബെ ഹൈക്കോടതി. 2016ൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ബലാത്സംഗം ചെയ്തതിന് പോക്സോ നിയമപ്രകാരം ശിക്ഷിക്കപ്പെട്ട ഒരാളെ കുറ്റവിമുക്തനാക്കിയാണ് കോടതി ഉത്തരവ്. പ്രതിയായ പുരുഷന് അന്ന് 25 വയസും പെൺകുട്ടിക്ക് 17 വയസ്സുമായിരുന്നു പ്രായം. ഇരുവരും ഉഭയസമ്മത പ്രകാരമാണ് ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടതെന്ന് കോടതിയെ അറിയിച്ചിരുന്നു. കൂടാതെ, മുസ്‍ലിം നിയമപ്രകാരം തനിക്ക് പ്രായപൂർത്തിയായെന്നും യുവാവുമായി നിക്കാഹ് കഴിഞ്ഞിരുന്നതായും പെൺകുട്ടി മൊഴി നൽകിയിരുന്നു.

പ്രായപൂർത്തിയാകാത്ത ഒരാളുടെ സമ്മതം അപ്രധാനമായതിനാൽ പെൺകുട്ടിയുമായുള്ള ലൈംഗിക ബന്ധം ബലാത്സംഗത്തിന് തുല്യമാകുമെന്നും വിചാരണക്കോടതി നിരീക്ഷിച്ചിരുന്നു. എന്നാൽ, കേസിൽ പരസ്പര സമ്മതത്തോടെയുള്ള ലൈംഗിക ബന്ധമാണുള്ളതെന്ന് തെളിവുകൾ വ്യക്തമായി സ്ഥാപിക്കുന്നുണ്ടെന്ന് നിരീക്ഷിച്ച ഹൈക്കോടതി ശിക്ഷ തെറ്റാണെന്ന് വിധിക്കുകയായിരുന്നു. ശൈശവ വിവാഹ നിരോധന നിയമം 2006 പ്രകാരം പുരുഷന്മാർക്ക് 21 വയസും സ്ത്രീകൾക്ക് 18 വയസുമാണ് ഉഭയസമ്മത പ്രകാരമുള്ള ലൈംഗിക ബന്ധത്തിനുള്ള ഇന്ത്യയിലെ പ്രായം. ഇത് ആഗോളതലത്തിൽ ഏറ്റവും ഉയർന്ന പ്രായപരിധിയാണെന്ന് കോടതി നിരീക്ഷിച്ചു.

ഒരു വ്യക്തിയുടെ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള കഴിവിനെയും അയാളുടെ സ്വയം ഭരണാവകാശത്തിനെയും സംരക്ഷിക്കേണ്ടത് ഭരണകൂടത്തിന്റെ കടമയാണ്. അതുകൊണ്ട് കൗമാരക്കാർക്ക് ഈ അവകാശം നിഷേധിക്കാൻ കഴിയില്ലെന്ന് കോടതി പറഞ്ഞു. കൗമാരക്കാർ എടുത്തുചാടി തെറ്റായ തീരുമാനങ്ങൾ എടുക്കുമെന്ന ഭയം കാരണം, അവരുടെ ആഗ്രഹങ്ങളെയും ഇച്ഛാശക്തിയെയും അവഗണിക്കാൻ കഴിയില്ലെന്നും കോടതി വ്യക്തമാക്കി. നിലവിലെ നിയമ വ്യവസ്ഥകൾ സാമൂഹിക യാഥാർഥ്യങ്ങൾ പരിഗണിക്കുന്നതിൽ പരാജയപ്പെടുന്നു. പെൺകുട്ടിയെ തുല്യ പങ്കാളിയാക്കാതെ ബലാത്സംഗമായി കണക്കാക്കുകയാണ് ചെയ്യുന്നത്. ഉഭയസമ്മതത്തോടെയുള്ള ബന്ധങ്ങളിൽ ഉൾപ്പെട്ട കക്ഷികൾക്കിടയിൽ ചെറിയ പ്രായവ്യത്യാസം മാത്രമാണുള്ളതെങ്കിൽ പ്രതികളെ കുറ്റവിമുക്തരാക്കുന്നതിന് ഇത് കാരണമാകുമെന്നും കോടതി ചൂണ്ടിക്കാട്ടി.

പ്രായപൂർത്തിയാകാത്തവർ തമ്മിൽ ഉഭയസമ്മത പ്രകാരം ലൈംഗികബന്ധത്തിലേർപ്പെട്ടതിന് ശേഷം രജിസ്റ്റർ ചെയ്യപ്പെടുന്ന പല കേസുകളിലും പെൺകുട്ടിയെ ഇരയായും ആൺകുട്ടിയെ പ്രതിയായും തരംതിരിക്കുന്നത് നിർഭാഗ്യകരമായ കാര്യമാണെന്നും ഇരുകൂട്ടരും ഒരുപോലെ തെറ്റുചെയ്തവരാണെന്നും മദ്രാസ് ഹൈക്കോടതി മുൻപ ് ചൂണ്ടിക്കാട്ടിയിരുന്നു. വിവാഹ പ്രായവും ഉഭയസമ്മതത്തോട് കൂടിയ ലൈംഗിക ബന്ധത്തിനുള്ള പ്രായവും വ്യത്യസ്തമായി കണക്കാക്കണമെന്ന് ബോംബെ ഹൈക്കോടതി. പ്രായപൂർത്തിയാകാത്തവർ തമ്മിലുള്ള ഉഭയസമ്മതത്തോടുള്ള ലൈംഗിക ബന്ധങ്ങളെ ശിക്ഷാനടപടികളോടെ കൈകാര്യം ചെയ്യരുത്. വിവാഹ ബന്ധത്തിൽ മാത്രമല്ല ലൈംഗികതയുള്ളതെന്ന് നിരീക്ഷിച്ച കോടതി സമൂഹം മാത്രമല്ല, നീതിന്യായ വ്യവസ്ഥയും ഇക്കാര്യം മനസ്സിലാക്കേണ്ടതുണ്ടെന്ന് ചൂണ്ടിക്കാട്ടി.

പോക്സോ നിയമപ്രകാരം 18 വയസ്സിന് താഴെയുള്ള ഏതൊരാളും "ചൈൽഡ്' (കുട്ടി) എന്ന് വിശേഷിപ്പിക്കുന്നത്. അതിനാൽ ഇത്തരം സംഭവങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ആൺകുട്ടിയെയും പെൺകുട്ടിയെയും കുട്ടികളായി കണക്കാക്കുന്ന സാഹചര്യത്തിൽ പോലിസ് പെൺകുട്ടിയെ 'ഇര'യായും ആൺകുട്ടിയെ 'പ്രതി'യായും കണക്കുന്നത് ഞെട്ടിക്കുന്നതാണെന്നായിരുന്നു കോടതിയുടെ നിരീക്ഷണം. ഇതിന് പുറകെ പ്രായപൂർത്തിയാകാത്തവർ തമ്മിൽ ഉഭയകക്ഷി സമ്മതപ്രകാരമുള്ള ലൈംഗിക ബന്ധത്തെ തുടർന്ന് ആൺകുട്ടികൾക്കെതിരെ രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസുകളിൽ തീർപ്പുകൽപിക്കാത്തവ കണ്ടെത്താൻ മദ്രാസ് ഹൈക്കോടതി നിർദേശം നൽകുകയും ചെയ്തിരുന്നു.

# വടക്കാഞ്ചേരിയിൽ ആനക്കൊലക്ക് പിന്നിൽ ആറു പേർ

തൃശൂർ: വടക്കാഞ്ചേരിയിൽ ആനയെ കൊന്ന് കൊമ്പെടുത്ത് കുഴിച്ചുമൂടിയ സംഭവത്തിൽ ആറു പേരെ തിരിച്ചറിഞ്ഞു. മുള്ളൂർക്കര വാഴക്കോട് മണിയഞ്ചിറ വീട്ടിൽ റോയിയും വാഴക്കോട്ടെ രണ്ട് സുഹൃത്തുക്കളും കുമളിയിൽ നിന്നുള്ള മൂന്നു പേരുമാണ് ആനയെ കുഴിച്ചിട്ടതെന്ന് ഫോറസ്റ്റ് വകുപ്പ് അന്വേഷണത്തിൽ തിരിച്ചറിഞ്ഞതെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

റോയിയുടെ പാലായിലെ ബന്ധുക്കൾ വഴി കുമളിയിൽ നിന്നാണ് മൂന്നു പേരെ വിളിച്ചു വരുത്തിയതെന്നാണ് ലഭിക്കുന്ന വിവരം. ആനയെ വേട്ടയാടി പരിചയമുള്ളത് കൊണ്ടാണ് കുമളി സ്വദേശികളെ എത്തിച്ചതെന്നാണ് കണ്ടെത്തൽ. അതേസമയം, ഗോവയിലുള്ള റോയിയെ നാട്ടിലെത്തിക്കാനുള്ള നടപടികൾ വനം വകുപ്പ് ഊർജിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, മറ്റുള്ള നാലു പേരെയും കണ്ടെത്താനുള്ള ശ്രമത്തിലാണ് അന്വേഷണ സംഘം.

അതിനിടെ, റബർ തോട്ടത്തിൽ കാട്ടുപന്നി ഉൾപ്പെടെ വന്യമൃഗശല്യം തടയാൻ കെട്ടിയ കമ്പിയിൽ നിന്നാണ് ആനക്ക് ഷോക്കേറ്റതെന്ന് സ്ഥിരീകരിച്ചു. ഷോക്കേറ്റതിനെ തുടർന്ന് ആനയുടെ താടിയെല്ലിൽ പരിക്കേറ്റതായി കണ്ടെത്തിയിട്ടുണ്ട്.

വടക്കാഞ്ചേരിയിൽ കൊലപ്പെടുത്തി കൊമ്പെടുത്ത് കുഴിച്ചുമൂടി കാട്ടാനയുടെ ജഡാവശിഷ്ടങ്ങൾ വനം വകുപ്പ് ഇന്നലെ നടത്തിയ പരിശോധനയിൽ കണ്ടെടുത്തിരുന്നു. അകമല വനത്തിന്റെ അടിവാരത്ത് വാഴക്കോട് സ്വകാര്യ വ്യക്തിയുടെ വീട്ടുപറമ്പിൽ നിന്നാണ് കാട്ടാനയുടെ ജഡം കണ്ടെടുത്തത്. ജഡം പുറത്തെടുത്തപ്പോൾ ഒരു കൊമ്പ് നഷ്ടപ്പെട്ട നിലയിലായിരുന്നു.

രണ്ടാഴ്ച മുമ്പ് കോടനാട്ടു നിന്ന് ആനക്കൊമ്പുമായി ഒരാളെ വനം വകുപ്പ് പിടികൂടിയിരുന്നു. ഇയാളെ ചോദ്യം ചെയ്തപ്പോഴാണ് സംഭവം ചുരുളഴിഞ്ഞത്. റബർ തോട്ടത്തിൽ കാട്ടുപന്നിയുൾപ്പെടെ വന്യമൃഗശല്യം തടയാൻ കെട്ടിയ കമ്പിയിലേക്ക് വൈദ്യുതി കടത്തിവിട്ട് ഷോക്കേൽപിച്ചാണ് ആനയെ കൊന്നത്. റോയിയുടെ റബർ തോട്ടത്തിലാണ് കാട്ടാനയെ കുഴിച്ചുമൂടിയത്.

ജഡാവശിഷ്ടങ്ങളിൽ ഒരു കൊമ്പ്, തലയോട്ടി, എല്ലുകൾ എന്നിവ കണ്ടെടുത്തതിൽ ഉൾപ്പെടും. ജഡത്തിന് 20 ദിവസത്തിലധികം പഴക്കമുണ്ട്. ജഡം പെട്ടെന്ന് മണ്ണിലലിയാൻ കോഴിക്കാഷ്ടം ചാക്കുകണക്കിന് ഇട്ടാണ് പത്തടിയോളം താഴ്ചയിൽ കുഴിയെടുത്ത് മണ്ണിട്ട് മൂടിയിരുന്നത്. രഹസ്യ വിവരത്തെ തുടർന്നായിരുന്നു വനംവകുപ്പ് വെള്ളിയാഴ്ച രാവിലെ പരിശോധന നടത്തിയത്.

പിടികൂടിയ കൊമ്പും ആനയുടെ ജഡത്തിൽനിന്ന് ലഭിച്ച കൊമ്പും ഒരാനയുടേതെന്ന് പ്രാഥമിക പരിശോധനയിൽ തെളിഞ്ഞിട്ടുണ്ട്. കൂടുതൽ ശാസ്ത്രീയ പരിശോധനകൾക്കായി സാമ്പിളുകൾ കാക്കനാട് ലാബിലേക്ക് മാറ്റി. സംഭവത്തെ കുറിച്ച് ഡിവിഷനൽ ഫോറസ്റ്റ് ഓഫിസർ എസ്. ജയശങ്കർ, മച്ചാട് ഫോറസ്റ്റ് റേഞ്ച് ഓഫിസർ ഡി. ശ്രീദേവി, ഫോറസ്റ്റ് വെറ്ററിനറി സർജൻ ഡോ. കെ.ജി. അശോകൻ എന്നിവരടങ്ങുന്ന വനപാലക സംഘം വിശദമായ അന്വേഷണം തുടങ്ങിയിട്ടുണ്ട്.

# മലയാളത്തിന്റെ ക്ലാസിക് കഥാകാരൻ എം.ടിക്ക് ഇന്ന് 90ാം പിറന്നാൾ



കോഴിക്കോട്: മലയാളത്തിലെ സാഹിത്യത്തിലെ അനശ്വരമായ നിരവധി ക്ലാസിക് സൃഷ്ടികളുടെ സൃഷ്ടാവായ കഥാകാരൻ എം.ടി വാസുദേവൻ നായർക്ക് ഇന്ന് 90ാം പിറന്നാൾ.

ജീവിതാനുഭവങ്ങളെ, മനസ്സിന്റെ ഉലയിൽ ഊതിക്കാച്ചിയ അനുഗ്രഹീതനായ എഴുത്തുകാരനാണ് എം.ടി. എം.ടിയുടെ സൃഷ്ടികളിൽ ഭൂരിഭാഗവും താൻ വീട്ടിലും നാട്ടിലും കണ്ടുപരിചയിച്ച പല മനുഷ്യരുടെ മുഖങ്ങളും ജീവിത അനുഭവങ്ങളും കഥാപാത്രങ്ങളും കഥയുമായി.

ജീവിതത്തിന്റെ നിസഹായതക്കും പ്രസാദാത്മകതക്കുമിടയിലെ ലോകത്തെപ്പറ്റിയാണ് അദ്ദേഹം എഴുതിയത്. വറുതിക്കും സമൃദ്ധിക്കുമിടയിലെ ജീവിതത്തിന്റെ നേർമ്മയറിഞ്ഞ ബാല്യകാലത്തെപ്പറ്റിയുള്ള തീക്ഷ്ണമായ ഓർമ്മകൾ എം.ടിയുടെ എഴുത്തിലെ കരുത്തായി. എം.ടി കഥകൾ എഴുതിത്തുടങ്ങിയത് സ്കൂൾ കാലഘട്ടം മുതലാണ്. ബിരുദം നേടുമ്പോൾ രക്തം പുരണ്ട മൺതരികളെന്ന കഥാസമാഹാരം എം.ടിയുടെ പേരിലുണ്ടായിരുന്നു. കാലത്തിലെ സേതുവും അസുരവിത്തിലെ ഗോവിന്ദൻകുട്ടിയും, രണ്ടാമൂഴത്തിലെ ഭീമനും മുന്നിൽ മലയാള വായനാലോകം പിന്നെയും അലിഞ്ഞു. കാത്തിരിപ്പിന്റെ കഥ പറഞ്ഞ മഞ്ഞും, എഴുത്തിലും കടൽകടന്നുപോയ ഷെർലക്കുമെല്ലാം എം.ടിയുടെ കീർത്തിമുദ്രാകളാണ് ഇപ്പോഴും.

തന്റെ വരുതിയിൽ വായനക്കാരനെ നിർത്താൻ എഴുത്തുശൈലി തന്നെയായിരുന്നു എം.ടിയുടെ കൈമുതൽ.എഴുതുക മാത്രമല്ല, എഴുത്തുകാരെ വളർത്തുകയും ചെയ്തു. ഗദ്യസാഹിത്യത്തെ ജനപ്രിയമാക്കിയ വലിയ വിപ്ലവം ആധുനിക മലയാള സാഹിത്യത്തിൽ കൊണ്ടുവന്നത് എം.ടിയായിരുന്നു. പുരാണങ്ങളെ പുനരാഖ്യാനം ചെയ്ത് ഇതിഹാസമായി മാറിയ എഴുത്തുകാരനായി എം.ടി.

## 'മാഹി മേഖലയിലെ വിദ്യാലയങ്ങളിലെ ഒഴിവുള്ള അധ്യാപക തസ്തികകളിൽ ഉടൻ നിയമനം നടത്തണം'

മാഹി മേഖലയിലെ വിദ്യാലയങ്ങളിലെ ഒഴിവുള്ള അധ്യാപക തസ്തികകളിൽ ഉടൻ നിയമനം നടത്തുമെന്ന് കഴിഞ്ഞ വർഷം റീജിയണൽ അഡ്മിനിസ്ട്രേറ്റർ ശിവരാജ് മീണ ഓഫിസിൽ വെച്ച് നടന്ന ചർച്ചയിൽ നൽകിയ ഉറപ്പ് പാലിക്കണമെന്ന് മാഹി സംയുക്ത അധ്യാപക രക്ഷാകർതൃ സമിതി ആവശ്യപ്പെട്ടു. സംഘടന മേഖലയിൽ സംഘടിപ്പിച്ച സമര പരിപാടികൾ നിർത്തിവയ്ക്കാൻ അഭ്യർഥിച്ചുകൊണ്ടാണ് അദ്ദേഹം വാഗ്ദാനം നൽകിയത്.

തുടർന്ന് പോണ്ടിച്ചേരി സമഗ്ര ശിക്ഷ ഫണ്ടിൽ നിന്ന് പ്രത്യേകം തുക അനുവദിപ്പിച്ച് കരാർ അടിസ്ഥാനത്തിൽ അധ്യാപക നിയമനം നടത്തി താൽക്കാലികമായി പ്രശ്നം പരിഹരിച്ചു എങ്കിലും സ്ഥിരം അധ്യാപക നിയമനം നടത്തുമെന്ന് ഉറപ്പ് പാലിച്ചില്ല.

മയ്യഴിലെ മിക്ക സ്കൂളുകളിലും മലയാളം, അറബിക്, സംസ്കൃതം ഭാഷ അധ്യാപകരുടെയും സോഷ്യൽ സയൻസ്, ഫിസിക്സ്, ഹിസ്റ്ററി വിഷയങ്ങളിലും അധ്യാപകരില്ലാതെ നെട്ടോട്ടം ഓടുന്ന സ്ഥിതിയിലാണ് . അധ്യാപകർ വിരമിക്കുമ്പോൾ പകരം സ്ഥിരം അധ്യാപക നിയമനം നടത്തുന്ന രീതി വർഷങ്ങളായി ഇവിടെ ഇല്ല. മൂന്നു ഗവ.എൽ.പി,സ്കൂളിലും ഉസ്മാൻ ഗവ ഹൈസ്ക്കൂൾ, ഫ്രഞ്ച് ഹൈസ്കൂൾ, മാഹി ഗവ.മിഡിൽ സ്കൂൾ എന്നിവിടങ്ങളിൽ ഹെഡ്മാസ്റ്റർ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്.

വിദ്യാഭ്യാസ മേഖലയെ തകർക്കുന്ന ഇത്തരം അനാസ്ഥ അവസാനിപ്പിക്കാൻ മാഹി അഡ്മിനിസ്ട്രേഷനും വിദ്യാഭ്യാസ വകുപ്പും ഉണർന്നു പ്രവർത്തിക്കുന്നില്ലെങ്കിൽ മാഹി സംയുക്ത അധ്യാപക രക്ഷാകർതൃ സമിതിയുടെ നേതൃത്വത്തിൽ മയ്യഴി മേഖലയിലെ എല്ലാ വിദ്യാലയങ്ങളിലെ അധ്യാപക രക്ഷാകർതൃ സമിതികളുമായി കൂടി ആലോചിച്ച് അനിശ്ചിതകാല സമര പ്രക്ഷോഭ പരിപാടികൾക്കു തുടക്കംകുറിക്കുമെന്ന് സമിതി പറഞ്ഞു.

## പ്രാദേശിക ഭാഷയിൽ പ്രൊഫഷണൽ കോഴ്സുകൾ പഠിപ്പിക്കണമെന്ന് കേന്ദ്രനിർദേശം തള്ളി ഐ.ഐ.എമ്മുകൾ

ന്യൂഡൽഹി: പ്രൊഫഷണൽ കോഴ്സുകളുടെ സിലബസ് പ്രാദേശിക ഭാഷകളിലേക്ക് വിവർത്തനം ചെയ്യണമെന്ന കേന്ദ്ര സർക്കാർ ആവശ്യം നിരസിച്ച് രാജ്യത്തെ ഐ.ഐ.എമ്മുകൾ. നിർദേശം പാലിക്കാൻ കഴിയില്ലെന്ന് മൂന്ന് ഐ.ഐ.എം ക്യാംപസുകൾ സർക്കാരിനെ ഔദ്യോഗികമായി അറിയിച്ചു. കൂടാതെ മറ്റ് 17 ക്യാംപസുകൾ കേന്ദ്രസർക്കാർ നിർദേശം അവഗണിച്ചതായും ടെലഗ്രാഫ് റിപ്പോർട്ട് ചെയ്തു.

പ്രൊഫഷണൽ കോഴ്സുകളുടെ പുസ്തകങ്ങൾ ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ (അകഇഠഋ) വികസിപ്പിച്ച വിവർത്തന സഹായി ഉപയോഗിച്ച് പ്രാദേശിക ഭാഷകളിലേക്ക് മാറ്റണമെന്ന് 2021 ഒക്ടോബറിലാണ് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ആവശ്യപ്പെടുന്നത്. പ്രാദേശിക ഭാഷകളിൽ പ്രൊഫഷണൽ കോഴ്സുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു നീക്കം. രണ്ട് വർഷത്തിനുള്ളിൽ കുറഞ്ഞത് 75 സർവകലാശാലകളെങ്കിലും പ്രവർത്തനത്തിൽ പങ്കെടുക്കണമെന്നും നിർദേശിച്ചിരുന്നു. അതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ യുജിസിയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ഇതേതുടർന്നാണ് 2021 നവംബറിൽ ഐ.ഐ.എം ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് നിർദേശം നൽകിയത്.

എന്നാൽ ഈ നിർദേശങ്ങൾ തങ്ങൾക്ക് ബാധകമല്ലെന്ന മറുപടിയാണ് ഐ.ഐ.എം ബാംഗ്ലൂർ, ഐ.ഐ.എം കാശിപൂർ, ഐ.ഐ.എം ഉദയ്പൂർ എന്നിവ നൽകിയത്. ബാക്കിയുള്ള ഐ.ഐ.എമ്മുകളിൽ 17 എണ്ണവും ഇതുവരെ പ്രതികരിച്ചിട്ടില്ല. ഐ.ഐ.എം ബാംഗ്ലൂർ, ഒരു മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആണെന്നും വിവർത്തനത്തിനുള്ള പുസ്തകങ്ങൾ ഇല്ലെന്നുമായിരുന്നു കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് നൽകിയ മറുപടി. ഇത് തങ്ങളെ സംബന്ധിക്കുന്ന വിഷയമല്ല എന്നായിരുന്നു മറ്റ് രണ്ട് ക്യാംപസുകളുടെയും പ്രതികരണം.

## ബി.എം.ച്ചിൽ നവീകരിച്ച പ്ലാസ്റ്റിക് സർജറി യൂണിറ്റ് പ്രവർത്തനം തുടങ്ങി

കോഴിക്കോട്: ഏതു പ്രായത്തിലും മനുഷ്യർക്ക് ആരോഗ്യവും സൗന്ദര്യവും പ്രിയപ്പെട്ടതാണെന്നും ശാസ്ത്രപുരോഗതി അതിനായി സഹായിക്കുന്നുവെന്നും നടൻ മോഹൻലാൽ. ബേബി മെമ്മോറിയൽ ആശുപത്രിയിലെ നവീകരിച്ച പ്ലാസ്റ്റിക് മൈക്രോവസ്ക്യൂലർ- കോസ്മെറ്റിക് സർജറി യൂണിറ്റ് ഓൺലൈനായി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഏറ്റവും ആധുനികമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് ആശുപത്രിയിലെ പ്ലാസ്റ്റിക് സർജറി വിഭാഗം നവീകരിച്ചിരിക്കുന്നത്. റവ. സുനിൽ ജോയ് അനുഗ്രഹ പ്രഭാഷണം നടത്തി. ബേബി മെമ്മോറിയൽ ആശുപത്രി ചെയർമാൻ ഡോ.കെ. ജി. അലക്സാണ്ടർ, ഡോ. കെ.എസ്.കൃഷ്ണകുമാർ എന്നിവർ പ്രസംഗിച്ചു.

## കൺവീനറെ പ്രത്യേകം ക്ഷണിക്കേണ്ടതില്ല; പാർട്ടി തീരുമാനം എല്ലാവർക്കും ബാധകം: എം.വി ഗോവിന്ദൻ



കോഴിക്കോട്: ഏക സിവിൽകോഡിനെതിരെ സി.പി.ഐ.എം സംഘടിപ്പിക്കുന്ന സെമിനാറിൽ എൽ.ഡി.എഫ് കൺവീനർ ഇ.പി ജയരാജൻ പങ്കെടുക്കാത്തതിന് വ്യക്തമായ മറുപടി നൽകാതെ പാർട്ടി സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ. സി.പി.എം നടത്തുന്ന പരിപാടിയിൽ എൽ.ഡി.എഫ് കൺവീനറെ ആരും ക്ഷണിക്കേണ്ടതില്ലെന്ന് അദ്ദേഹം പറഞ്ഞു.'സെമിനാറിലേക്ക് ഇ പി ജയരാജനെ പ്രത്യേകം ക്ഷണിക്കേണ്ടതില്ല. ജയരാജൻ പങ്കെടുക്കാത്തതിനെക്കുറിച്ച് അദ്ദേഹത്തോട് ചോദിക്കണം. ആരെയും നിർബന്ധിക്കാൻ പറ്റില്ലല്ലോ. ക്ഷണിച്ചിട്ടല്ല ഞാൻ സെമിനാറിന് വന്നത്. പാർട്ടി സെക്രട്ടറിയെന്ന ഉത്തരവാദിത്തമുള്ളതുകൊണ്ട് വന്നു. ആർക്കും സെമിനാറിലേക്ക് വരാം, വരാതിരിക്കാം.'- എം വി ഗോവിന്ദൻ പ്രതികരിച്ചു.

കോഴിക്കോട്ടെ സെമിനാർ ഏകീകൃത സിവിൽ കോഡുമായി ബന്ധപ്പെട്ട സിപിഐഎമ്മിന്റെ ആദ്യത്തെ പരിപാടിയാണ്. ജയരാജന്റെ പേര് നോട്ടീസിൽ ഉണ്ടായിരുന്നില്ല. മറ്റ് വിഷയങ്ങളിൽ ആരെങ്കിലും ക്ഷണിച്ചിട്ടല്ല താൻ സെമിനാറിൽ പങ്കെടുക്കുന്നതെന്നും എം.വി ഗോവിന്ദൻ പറഞ്ഞു.അതേസമയം ജോർജ് എം. തോമസിനെതിരായ നടപടി സംഘടനാപരമാണെന്നും മാധ്യമങ്ങളോട് പറയാൻ താൽപര്യപ്പെടുന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ഒടുവിൽ അർധരാത്രി ശമ്പളം വന്നു; മുഴുവൻ ശമ്പളവും എപ്പോൾ കിട്ടുമെന്ന് കെഎസ്ആർടിസി ജീവനക്കാർ




തിരുവനന്തപുരം: മുടങ്ങിയ കെഎസ്ആർടിസി ജീവനക്കാരുടെ ശമ്പളം ദിവസങ്ങൾക്ക് ശേഷം നൽകി. ജൂൺ മാസത്തെ പകുതി ശമ്പളമാണ് ഇന്നലെ രാത്രി വിതരണം ചെയ്തത് രണ്ടാം ഘട്ട ശമ്പളം നൽകേണ്ടപ്പോഴാണ് ഒന്നാം ഘട്ട വിതരണം നടന്നത്. ഇതോടെ രണ്ടാം ഗഡു ഇനിയും വൈകുമെന്ന് ഉറപ്പായി. 30 കോടി സർക്കാർ ഫണ്ടും, 8.4 കോടി രൂപ ബാങ്ക് ഓവർ ഡ്രാഫ്റ്റുമെടുത്താണ് തുക കണ്ടെത്തിയത്.രണ്ടാം ഗഡു നൽകേണ്ട തീയതി ഇന്നാണ്. എന്നാൽ അത് ഇനി എന്ന് ലഭിക്കുമെന്ന് ഒരു ഉറപ്പുമില്ല. സർക്കാർ ഉടൻ കൂടുതൽ ഫണ്ട് നൽകാൻ സാധ്യതയില്ലാത്തതിനാൽ ശമ്പളം അനിശ്ചിതമായി നീണ്ടേക്കാം. ശമ്പളം വൈകിയതോടെ സമരത്തിലേക്ക് നീങ്ങിയ ജീവനക്കാർ മുഴുവൻ ശമ്പളം ലഭിക്കാതെ സമരം അവസാനിപ്പിക്കില്ല.

വെള്ളിയാഴ്ച കോർപറേഷൻ സിഎംഡി ബിജു പ്രഭാകറിന്റെ വീട്ടിലേക്ക് തൊഴിലാളികൾ മാർച്ച് നടത്തിയിരുന്നു. ചീഫ് ഓഫീസിന് മുന്നിലും തൊഴിലാളി സംഘടനകൾ പ്രതിഷേധിച്ചിരുന്നു. സമരം മുഴുവൻ ശമ്പളം കിട്ടുന്നത് വരെ അവസാനിപ്പിക്കേണ്ടെന്നാണ് സമരക്കാരുടെ നിലപാട്.സർക്കാർ സഹായം സമയത്തിന് കിട്ടാത്തതാണ് ശമ്പളം നൽകാൻ ബുദ്ധിമുട്ടിലാകുന്നെന്നതാണ് സിഎംഡി ബിജു പ്രഭാകർ വിഷയത്തിൽ പ്രതികരിച്ചത്. ഉദ്യോഗസ്ഥർ വിചാരിച്ചാൽ താമസം ഒഴിവാക്കാമായിരുന്നു. ഉദ്യോഗസ്ഥർ സാമ്പത്തിക സഹായത്തെ വേണ്ടത്ര ഗൗരവത്തോടെ കണ്ടില്ലെന്നും അദ്ദേഹം ആരോപിച്ചു. ശക്തമായ നടപടി സ്വീകരിക്കുന്നത് പലർക്കും ഇഷ്ടപ്പെടുന്നില്ലെന്നും അദ്ദേഹം പറയുന്നു.

## ഡെങ്കിപ്പനിക്കും, എലിപ്പനി: ജാഗ്രത തുടരണം

ഇടവിട്ടുള്ള മഴ തുടരുന്ന സാഹചര്യത്തിൽ ആഴ്ചയിലൊരിക്കൽ കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടത്തണമെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണ ജോർജ്. കൂത്താടികൾ പൂർണ വളർച്ചയെത്തി കൊതുകാകുന്നതിന് ഏതാണ്ട് ഏഴ് ദിവസം ആവശ്യമാണ്. അതിനാൽ വീട്ടിലെ അകത്തും പുറത്തുമുള്ള വെള്ളക്കെട്ടുകൾ ഒരാഴ്ചക്കുള്ളിൽ ഒഴിവാക്കിയാൽ കൂത്താടികൾ കൊതുകുകളായി പരിണമിക്കുന്നത് തടയാനാകും.

ഫ്രിഡ്ജുകളുടെ പിൻഭാഗത്ത് കെട്ടിനിൽക്കുന്ന വെള്ളം, ടയറുകൾക്കുള്ളിലും മറ്റും കെട്ടി നിൽക്കുന്ന വെള്ളം തുടങ്ങി നാം പ്രതീക്ഷിക്കാത്തതോ പെട്ടെന്ന് ശ്രദ്ധയിൽ പെടാത്തതോ ആയ ഇടങ്ങളിലും കൂത്താടികൾ ഉണ്ടാകാം. ഡെങ്കിപ്പനി വ്യാപനം ഒഴിവാക്കുന്നതിന് വരും ആഴ്ചകളിലും ഡ്രൈഡേ പ്രവർത്തനങ്ങൾ ശക്തമായി തുടരണമെന്നും മന്ത്രി അഭ്യർഥിച്ചു.

വെള്ളി, ശനി, ഞായർ ദിവസങ്ങൾ തോറും ഡ്രൈ ഡേ ആചരിക്കണം. വീടും പരിസരങ്ങളും സ്ഥാപനങ്ങളും വൃത്തിയായി സൂക്ഷിക്കണം. കുട്ടികൾക്ക് ജലദോഷവും പനിയും ബാധിച്ചാൽ സ്കൂളിൽ അയക്കരുത്. എലിപ്പനി വരാതെ ശ്രദ്ധിക്കണം. മണ്ണുമായും മലിന ജലവുമായും ഇടപെടുന്നവർ നിർബന്ധമായും ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ കഴിക്കേണ്ടതാണെന്നും മന്ത്രി നിർദേശിച്ചു.

# നാവാക് ജോക്കോവിച്ച് 2023 വിംബിൾഡൺ പുരുഷ സിംഗിൾസ് ഫൈനലിൽ



ലണ്ടൻ: സെർബിയൻ സൂപ്പർതാരം നൊവാക് ജോക്കോവിച്ച് 2023 വിംബിൾഡൺ പുരുഷ സിംഗിൾസ് ഫൈനലിൽ പ്രവേശിച്ചു. സെമിയിൽ ഇറ്റാലിയൻ താരം ജാന്നിക് സിന്നറിനെ പരാജയപ്പെടുത്തിയാണ് ജോക്കോയുടെ ഫൈനൽ പ്രവേശം. സ്കോർ: 3-6,4-6,6-7(47) ആദ്യ സെറ്റിൽ തന്നെ ജാന്നിക് സിന്നറിനെതിരേ തകർപ്പൻ പ്രകടനമാണ് ജോക്കോ കാഴ്ചവെച്ചത്. സിന്നറിന്റെ സർവ്വ് ഭേദിച്ച് മുന്നേറിയ സെർബിയൻ താരം 6-3 ന് സെറ്റ് സ്വന്തമാക്കി. രണ്ടാം സെറ്റിലും ജോക്കോവിച്ചിന്റെ മുന്നേറ്റം തന്നെയാണ് സെന്റർ കോർട്ടിൽ നിറഞ്ഞുനിന്നത്. 6-4 ന് രണ്ടാം സെറ്റ് ജോക്കോ നേടി.മൂന്നാം റൗണ്ടിൽ ജാന്നിക് കടുത്ത പ്രതിരോധം തീർത്തതോടെ സെറ്റ് 6-6 ലെത്തിച്ചു. കളി ടൈബ്രേക്കറിലേക്ക് നീങ്ങി. ടൈ ബ്രേക്കറിലും തുടക്കത്തിൽ സിന്നറായിരുന്നു മുന്നിട്ടുനിന്നെങ്കിലും ജോക്കോ മുന്നേറി മൂന്നാം സെറ്റ് സ്വന്തമാക്കി. ഞായറാഴ്ചയാണ് ഫൈനൽ.

# അന്ന് എന്റെ തീരുമാനം പാളിയത് പോലെ സഹലിന് സംഭവിച്ചില്ല; സി.കെ. വിനീത്

കഴിഞ്ഞ ദിവസം സോഷ്യൽ മീഡിയയിൽ ചൂടുപിച്ച ചർച്ചയായിരുന്നു ഇന്ത്യൻ മിഡ്ഫീൽഡറായ മലയാളി താരം സഹൽ അബ്ദുൽ സമദ് കേരള ബ്ലാസ്റ്റേഴ്സ് വിട്ടു എന്നത്. എ.ടി.കെ. മോഹൻ ബഗാനിലേക്കായിരുന്നു അദ്ദേഹത്തിന്റെ കൂടുമാറ്റം. ബ്ലാസ്റ്റേഴ്സിന്റെ പ്രധാന താരമായ അദ്ദേഹം ടീമിൽ നിന്നും പോയത് ആരാധകരുടെ ഞെറ്റി ചുളിപ്പിച്ചിരുന്നു.

സഹലിന്റെ കൂടുമാറ്റത്തെ കുറിച്ച് സംസാരിക്കുക്കയാണ് മുൻ ബ്ലാസ്റ്റേഴ്സ് താരവും സഹലിന്റെ സുഹൃത്തുമായ സി.കെ. വിനീത്. സഹലിന്റെ തീരുമാനത്തിന് പുറകിൽ ഒരുപാട് കാരണങ്ങളുണ്ടാകുമെന്നും എടുത്ത തീരുമാനം അദ്ദേഹത്തിന്റെ കരിയറിനും പേഴ്സണൽ ലൈഫിനും നല്ലതായിരിക്കുമെന്നും വിനീത് അഭിപ്രായപ്പെട്ടു. ഏഷ്യാനെറ്റ് ന്യൂസിനോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.



സി.കെ. വിനീത്, സഹൽ അബ്ദുൽ സമദ്

'സഹൽ ബ്ലാസ്റ്റേഴ്സ് വിടുന്നത് കേരള ടീമിന് ചിലപ്പോൾ തിരിച്ചടിയായിരിക്കും, കാരണം അദ്ദേഹത്തെ പോലൊരു പ്ലെയർ ടീമിൽ നിന്നും പോകുന്നത് ഏത് ടീമിനും തിരിച്ചടി ഉണ്ടാക്കുന്ന കാര്യമാണ്. എന്നാൽ സഹലിനെ പോലൊരു കളിക്കാരന് അല്ലെങ്കിൽ ഒരു പ്രൊഫഷണൽ പ്ലെയറിനെ സംബന്ധിച്ചടത്തോളം ഇത് പ്രത്യകിച്ച് ഒരു വലിയ കാര്യമല്ല.

ഒരു താരത്തിന് ഒരു ടീമിൽ തന്നെ തുടരുക എന്നുള്ളത് നടക്കുന്ന കാര്യമല്ല എന്നെ സംബന്ധിച്ചടത്തോളം സഹൽ ബഗാനിലേക്ക് പോകുന്നത് നല്ല കാര്യമായാണ് തോന്നുന്നത്. കാരണം അവർ എ.എഫ്.സി കപ്പ് ഉൾപ്പടെ എല്ലാ ടൂർണമെന്റിലും കളിക്കുന്നുണ്ട്, അതും ചാമ്പ്യൻഷിപ്പിന് വേണ്ടി തന്നെ കളിക്കുന്ന ടീമാണ്.

അത് അവന്റെ കരിയറിനും ഫിനാൻഷ്യലി പറയുകയാണെങ്കിൽ അവന്റെ പേർസണൽ ലൈഫിനും നല്ലതായിരിക്കും,' വിനീത് പറഞ്ഞു.

# മാനന്തവാടിമൈസൂർ റോഡ് ഇനി മിന്നുമണിയുടെ പേരിൽ അറിയപ്പെടും



വയനാട്ടിലെ മാനന്തവാടി മൈസൂർ റോഡ് ഇനി മുതൽ മിന്നു മണി റോഡ് എന്ന പേരിൽ അറിയപ്പെടും. വനിതാ ക്രിക്കറ്റിൽ കേരളത്തെ ലോകത്തിന് മുന്നിൽ അടയാളപ്പെടുത്തിയ മിന്നു മണിയുടെ പ്രകടന മികവിൽ മാനന്തവാടി മുനിസിപ്പൽ ഭരണ സമിതി യോഗം ചേർന്നാണ് റോഡിന്റെ പേരുമാറ്റാൻ തീരുമാനിച്ചത്.

ആദ്യ രാജ്യാന്തര ട്വന്റി20 മത്സരത്തിൽ തന്നെ മിന്നു മികച്ച പ്രകടനം കാഴ്ച വച്ച ആഹ്ലാദത്തിലാണ് മാനന്തവാടി എടപ്പടി ചോയിമൂല ഗ്രാമം. ആദ്യ മത്സരത്തിൽ തന്നെ മകൾക്ക് വിക്കറ്റ് നേടാൻ ആയതിന്റെ സന്തോഷം മാതാപിതാക്കളായ വസന്തയ്ക്കും മണിക്കും ഇപ്പോഴുമുണ്ട്. മിന്നുവിന്റെ വീട്ടുകാരും നാട്ടുകാരും മത്സരം കണ്ടത് മൊബൈൽ ഫോണിലൂടെയാണ്.

ഓടിട്ട ആ കുഞ്ഞുവീടിന്റെ മുറ്റത്ത് പിച്ചവെച്ച പെൺകുട്ടി ഇന്ന് രാജ്യത്തിനു തന്നെ അഭിമാനമായി മാറിയിരിക്കുകയാണ്. കൂലിപ്പണിക്കാരായ മണിയുടെയും വസന്തയുടെയും മകളായ മിന്നുമണി ഉൾപ്പെടുന്ന ഇന്ത്യൻ പെൺപട ട്വന്റി ട്വന്റി പരമ്പര സ്വന്തമാക്കിയ ആഹ്ലാദം എല്ലാവരിലുമുണ്ട്. വൈസ് ക്യാപ്റ്റനായ സ്മൃതി മന്ദാന മിന്നുമണിക്ക് ക്യാപ് കൈമാറിയതു കണ്ടപ്പോൾ ആ മാതാപിതാക്കൾ സന്തോഷക്കണ്ണീരാണ് ഒഴുക്കിയത്.

ബംഗ്ലാദേശിനെതിരായ രണ്ടാം ട്വന്റി ട്വന്റിയിലും ഇന്ത്യക്കായി മികച്ച പ്രകടനം കാഴ്ചവെച്ചിരിക്കുകയാണ് ഈ മലയാളി താരം. അരങ്ങേറ്റ മത്സരത്തിൽ ഓവറിലെ നാലാം പന്തിൽ ബംഗൽദേശ് ഓപണറെ മടക്കിയാണ് മിന്നു തന്റെ വരവറിയിച്ചത്. ആദ്യ മത്സരത്തിലെ മികവാണ് രണ്ടാം ട്വന്റി ട്വന്റിയിലും ഇന്ത്യയുടെ പ്ളെയിംഗ് ഇലവനിൽ ഇടം നേടാൻ മിന്നുമണിക്ക് സഹായകമായത്. പ്രതീക്ഷക്ക് മങ്ങലേൽപിക്കാതെ രണ്ടാം മത്സരത്തിലും തകർപ്പൻ പ്രകടനം തന്നെ കാഴ്ചവെക്കാൻ അവർക്ക് കഴിഞ്ഞു. മത്സരത്തിൽ എട്ട് റൺസിന്റെ ആവേശ ജയത്തോടെയാണ് ഇന്ത്യ പരമ്പര സ്വന്തമാക്കിയത്.

ടോസ് നേടി ബാറ്റിംഗിനിറങ്ങിയ ഇന്ത്യക്ക് എട്ട് വിക്കറ്റ് നഷ്ടത്തിൽ 95 റൺസാണ് നേടാനായത്. തുടർന്ന് മത്സരത്തിനിറങ്ങിയ ബംഗൽദേശിനെ 87 റൺസിന് ഓൾ ഔട്ടാക്കിയാണ് ഇന്ത്യ തകർപ്പൻ ജയം കരസ്ഥമാക്കിയത്.

സ്കൂളിലെ കായിക അധ്യാപികയാണ് മിന്നുവിലെ ക്രിക്കറ്റ് താരത്തെ കണ്ടറിഞ്ഞ് പ്രോത്സാഹിപ്പിക്കാൻ തീരുമാനിച്ചത്. പെൺകുട്ടികൾക്കും ക്രിക്കറ്റ് ടീമുള്ള കാര്യം അന്നാണ് മിന്നുവും അറിയുന്നത്. എന്നാൽ മിന്നുവിന്റെ അച്ഛനും അമ്മക്കും മകളെ ഒരു ക്രിക്കറ്റ് കളിക്കാരിയായി കാണാൻ ആഗ്രഹമുണ്ടായിരുന്നില്ല.

ഓട്ടം തുടർന്നാൽ മതിയെന്നായിരുന്നു അവരുടെ തീരുമാനം. എന്നാൽ ടീച്ചറുടെ സമ്മർദങ്ങൾക്ക് വഴങ്ങി ഒടുവിൽ അവർ സമ്മതം മൂളുകയായിരുന്നു. തുടർന്നാണ് ക്രിക്കറ്റ് പരിശീലനം നൽകിത്തുടങ്ങിയത്.



വിക്കറ്റ് നേട്ടം ആഘോഷിക്കുന്ന ബംഗ്ലാദേശ് ടീം

# ആദ്യ ടി20യിൽ അഫ്ഗാനിസ്ഥാനെ മലർത്തിയടിച്ച് ബംഗ്ലാദേശ്

ധാക്ക: അഫ്ഗാനിസ്ഥാനെതിരായ ആദ്യ ടി20യിൽ ബംഗ്ലാദേശിന് ജയം. ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനെത്തിയ അഫ്ഗാൻ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 154 റൺസാണ് നേടിയത്. ഷാക്കിബ് അൽ ഹസൻ രണ്ട് വിക്കറ്റ് നേടി. മറുപടി ബാറ്റിംഗിൽ ബംഗ്ലാദേശ് 19.5 ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടന്നു. പുറത്താവാതെ 47 റൺസ് നേടിയ തൗഹിദ് ഹൃദോയാണ് ബംഗ്ലാദേശിനെ വിജയത്തിലേക്ക് നയിച്ചത്. കരിം ജനാത് അഫ്ഗാനായി മൂന്ന് വിക്കറ്റ് നേടി. ഇതോടെ രണ്ട് മത്സരങ്ങലുടെ പരമ്പരയിൽ ആതിഥേയരായ ബംഗ്ലാദേശ് മുന്നിലെത്തി.

മോശം തുടക്കമായിരുന്നു ബംഗ്ലാദേശിന്. സ്കോർബോർഡിൽ 64 റൺസ് മാത്രമുള്ളപ്പോൾ അവർക്ക് നാല് പേരെ നഷ്ടമായി. റോണി തലുക്ദാർ (4) നജ്മുൽ ഹുസൈൻ ഷാന്റോ (14), ലിറ്റൺ ദാസ് (18), ഷാക്കിബ് അൽ ഹസൻ (19) എന്നിവർ നിരാശപ്പെടുത്തി. പിന്നീട് ഒത്തുചേർന്ന തൗഹിദ് ഷമീം ഹുസൈൻ (33) സഖ്യമാണ് ബംഗ്ലാദേശിനെ വിജയത്തിലേക്ക് നയിച്ചത്. ഇരുവരും 71 റൺസ് കൂട്ടിചേർത്തു. 18 ഓവറിലാണ് കൂട്ടുകെട്ട് പൊളിയുന്നത്. റാഷിദ് ഖാൻ ഷമീമിനെ പുറത്താക്കി.

19ാം ഓവറിൽ എട്ട് റൺസ് പിറന്നു. അവസാന ഓവറിൽ ജയിക്കാൻ വേണ്ടിയിരുന്നത് ആറ് റൺസ് മാത്രമായിരുന്നു. ജനത്തിന്റെ ആദ്യ പന്ത് തന്നെ മെഹിദി ഹസൻ മിറാസ് (8) ബൗണ്ടറി പായിച്ചു. എന്നാൽ തൊട്ടടുത്ത പന്തിൽ മെഹിദി പുറത്ത്. മൂന്നാം പന്തിൽ ടസ്കിൻ അഹമ്മദിനേയും (0) മടക്കി ജനത് അഫ്ഗാന് പ്രതീക്ഷ നൽകി. നാലാം പന്തിൽ നസും അഹമ്മദിനെ പുറത്താക്കി ജനത് ഹാട്രിക് പൂർത്തിയാക്കി. അവസാന രണ്ട് പന്തിൽ ജയിക്കാൻ രണ്ട് റൺ. അഞ്ചാം പന്തിൽ ബൗണ്ടറി നേടി ഷൊറിഫുൽ ഇസ്ലാം ബംഗ്ലാദേശിന് ത്രസിപ്പിക്കുന്ന വിജയം സമ്മാനിച്ചു.

നേരത്തെ മുഹമ്മദ് നബി പുറത്താവാതെ നേടിയ 54 റൺസാണ് അഫ്ഗാന് പൊരുതാവുന്ന സ്കോർ സമ്മാനിച്ചത്. ഒരു സിക്സും ആറ് ഫോറും ഉൾപ്പെടുന്നതായിരുന്നു നബിയുടെ ഇന്നിംഗ്സ്. അസ്മതുള്ള ഒമർസായ് (33) നിർണായക സംഭാവന നൽകി. നജീബുള്ള സദ്രാൻ 23 റൺസെടുത്തു. റഹ്മാനുള്ള ഗുർബാസാണ് (16) രണ്ടക്കം കണ്ട മറ്റൊരു താരം. ഹസ്രതുള്ള സസൈ (8), ഇബ്രാഹിം സദ്രാൻ (8), കരിം ജനത് (3), റാഷിദ് ഖാൻ (3) എന്നിവരുടെ വിക്കറ്റും അഫ്ഗാന് നഷ്ടമായി. മുജീബ് റഹ്മാൻ (0) പുറത്താവാതെ നിന്നു.

# പുതിയ വേഷപ്പകർച്ചയിൽ ഹണി റോസ്; റേച്ചൽ ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്ത്



ഹണിറോസ് നായികയായെത്തുന്ന റേച്ചൽ എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്തിറങ്ങി. പുതുമുഖ സംവിധായികയായ ആനന്ദിനി ബാലയാണ് ചിത്രം സംവിധാനം ചെയ്യുന്നത്. രാഹുൽ മണപ്പാട്ടിന്റെ കഥക്ക് രാഹുൽ മണപ്പാട്ടും എബ്രിഡ് ഷൈനും ചേർന്ന് തിരക്കഥയൊരുക്കുന്നു.

കയ്യിൽ വെട്ടുകത്തിയുമായി ഒരു ഇറച്ചിവെട്ടുകാരിയുടെ ലുക്കിലുള് ഹണി റോസിനെയാണ് ഫസ്റ്റ് ലുക്ക് പോസ്റ്ററിൽ കാണിക്കുന്നത്. റേച്ചൽ എന്ന ടൈറ്റിൽ റോളിലാണ് ഹണിറോസ്. മലയാളം, തമിഴ്, ഹിന്ദി, തെലുങ്ക്, കന്നഡ തുടങ്ങിയ ഭാഷകളിലുള്ള ഫസ്റ്റ് ലുക്ക് പോസ്റ്ററുകൾ പുറത്തുവിട്ടിട്ടുണ്ട്.

തന്റെ മികച്ച പ്രകടനം ഇതുവരെ സംഭവിച്ചിട്ടില്ലെന്നും. അതിന് സമയമായിരിക്കുന്നുവെന്നും ഫസ്റ്റ് ലുക്ക് പോസ്റ്റർ പങ്കുവെച്ചുകൊണ്ട് ഹണി റോസ് ഫേസ്ബുക്കിൽ കുറിച്ചു.ബാദുഷ പ്രൊഡക്ഷൻസ്, പെൻ & പേപ്പർ ക്രിയേഷൻസ് എന്നീ ബാനറുകളിൽ ബാദുഷ എൻ എം, ഷിനോയ് മാത്യു, എബ്രിഡ് ഷൈൻ എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്.

മലയാള സിനിമ സംഗീത മേഖലയിലെ നവത രംഗങ്ങളിൽ ഒരാളായ അങ്കിത് മേനോനാണ് സംഗീതവും പശ്ചാത്തല സംഗീതവും നിർവഹിക്കുന്നത്. നിരവധി പുരസ്കാരങ്ങൾ നേടിയ ങ്ങ രാജാകൃഷ്ണനാണ് സൗണ്ട് മിക്സും സംസ്ഥാന അവാർഡ് ജേതാവായ ശ്രീ ശങ്കർ സൗണ്ട് ഡിസൈനും ചെയ്യുന്നു.

സ്റ്റേറ്റ് അവാർഡ് ജേതാവായ ചന്ദ്രു ശെൽവരാജാണ് സിനിമാട്ടോഗ്രാഫർ. പ്രൊഡക്ഷൻ ഡിസൈൻ നിർവഹിക്കുന്ന എം ബാവ, എഡിറ്റിംഗ് കൈകാര്യം ചെയ്യുന്ന മനോജ് എന്നിവരും സ്റ്റേറ്റ് അവാർഡ് ജേതാക്കളാണ്.



# എലൈറ്റ് പട്ടികയിൽ സെവാഗിനെ പിന്തള്ളി വിരാട് കോഹ്ലി

റോസോ: ഇന്ത്യക്കായി ടെസ്റ്റിൽ ഏറ്റവും കൂടുതൽ റൺസ് നേടുന്ന താരമെന്ന റെക്കോർഡിൽ ഇതിഹാസം ഓപ്പണർ വീരേന്ദർ സെവാഗിനെ പിന്തള്ളി വിരാട് കോഹ്ലി.

വെസ്റ്റ് ഇൻഡീസിനെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിൽ 25 റൺസ് നേടിയാണ് എലൈറ്റ് പട്ടികയിൽ കോഹ്ലി സ്ഥാനം മെച്ചപ്പെടുത്തിയത്. ടെസ്റ്റിൽ നിലവിൽ 8,515 റൺസാണ് കോഹ്ലിയുടെ സമ്പാദ്യം. 8,503 റൺസാണ് ടെസ്റ്റിൽ നേടിയത്.

സച്ചിൻ ടെണ്ടൽക്കറാണ് പട്ടികയിൽ ഒന്നാം സ്ഥാനത്ത്. താരം 15,921 റൺസ് നേടി. 13,265 റൺസുമായി രാഹിൽ ദ്രാവിഡ് രണ്ടാമതും 10,122 റൺസുമായി ഗാവസ്കർ മൂന്നാം സ്ഥാനത്തും നിൽക്കുന്നു. 8,781 റൺസുമായി വിവിഎസ് ലക്ഷ്മണാണ് നാലാമത്. ലക്ഷമണിന്റെ റെക്കോർഡിനും അധികം ആയുസില്ലെന്നു ചുരുക്കം.

ടെസ്റ്റിൽ 28 സെഞ്ച്വറികളും അത്ര തന്നെ അർധ സെഞ്ച്വറികളും കോഹ്ലിക്കുണ്ട്. 254 റൺസാണ് ഉയർന്ന സ്കോർ. 109 ടെസ്റ്റുകളും 185 ഇന്നിങ്സുകളും കളിച്ചാണ് താരം ഇത്രയും റൺസ് കണ്ടെത്തിയത്. 48.72 റൺസാണ് ആവറേജ്. 55.34 ആണ് സ്ട്രൈക്ക് റേറ്റ്.



ലക്ഷ്യ സെൻ

# യു.എസ് ഓപ്പൺ ബാഡ്മിന്റൺ: ലക്ഷ്യ സെൻ സെമിയിൽ, സിന്ധു പുറത്ത്

ലോവ: 2023 യു.എസ് ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ സെമിയിൽ. പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ ഇന്ത്യയുടെ തന്നെ ശങ്കർ മുത്തുസ്വാമിയെ നേരിട്ടുള്ള ഗെയിമുകൾക്ക് കീഴടക്കിയാണ് ലക്ഷ്യ സെൻ സെമിയിലെത്തിയത്. എന്നാൽ വനിതാ സിംഗിൾസിൽ ഇന്ത്യയുടെ കിരീടപ്രതീക്ഷയായിരുന്ന പി.വി.സിന്ധു പരാജയപ്പെട്ടു.

21-10, 21-17 എന്ന സ്കോറിനാണ് ലക്ഷ്യയുടെ വിജയം. മത്സരത്തിലുടനീളം മികച്ച ഫോം കാഴ്ചവെച്ച സെൻ തുടർച്ചയായ രണ്ടാം കിരീടമാണ് ലക്ഷ്യം വെയ്ക്കുന്നത്.

ഈയിടെ അവസാനിച്ച കാനഡ ഓപ്പൺ ബാഡ്മിന്റൺ കിരീടം ലക്ഷ്യ സെൻ സ്വന്തമാക്കിയിരുന്നു. സെമിയിൽ ലോക ഏഴാം നമ്പർ താരമായ ലി ഷി ഫെങ്ങാണ് ലക്ഷ്യയുടെ എതിരാളി.

രണ്ട് തവണ ഒളിമ്പിക് മെഡൽ നേടിയ ലോക 15-ാം നമ്പർ താരമായ സിന്ധു നേരിട്ടുള്ള ഗെയിമുകൾക്കാണ് പരാജയപ്പെട്ടത്. ചൈനയുടെ ഗാവോ ഫാങ് ജീയാണ് സിന്ധുവിനെ പരാജയപ്പെടുത്തിയത്.

സ്കോർ: 20-22, 13-21. ലോകറാങ്കിങ്ങിൽ സിന്ധുവിനേക്കാൾ ഏറെ പിറകിലാണ് ഗാവോ. സെമി ഫൈനൽ മത്സരങ്ങൾ ഇന്ന് നടക്കും. ഞായറാഴ്ചയാണ് ഫൈനൽ.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.